2023
NOVEMBER
03
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995




## ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് ഐപിഒ ഇന്ന് ആരംഭിക്കും

**കൊച്ചി:** കേരളം ആസ്ഥാനമായ ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് പ്രഥമ ഓഹരി വിൽപ്പന (ഐപിഒ) ഇന്ന് ആരംഭിക്കും. ഓഹരി ഒന്നിന് 57 രൂപ മുതൽ 60 വരെയാണ് നിശ്ചയിച്ചിരിക്കുന്ന നിരക്ക്. നവംബർ 7 വരെ നിക്ഷേപകർക്ക് ഓഹരികൾ വാങ്ങാം. ഐപിഒയിലൂടെ 463 കോടി രൂപ സമാഹരിക്കുകയാണ് ലക്ഷ്യം. 390.7 കോടി രൂപയുടെ പുതിയ ഓഹരികളാണ് വിൽക്കുന്നതെന്ന് ഇസാഫ് എം.ഡിയും സി.ഇ.ഒയുമായ കെ പോൾ തോമസ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

മൂന്ന് പ്രധാന ഓഹരി ഉടമകളുടെ കൈവശമുള്ള 72.3 കോടി രൂപയുടെ ഓഹരികളും ഐപിഒയിലൂടെ വിറ്റഴിക്കും. മുഖ്യ പ്രൊമോട്ടറായ ഇസാഫ് ഫിനാൻഷ്യൽ ഹോൾഡിങ്സിന്റെ 49.26 കോടി രൂപയുടെ ഓഹരികളും പിഎൻബി മെറ്റ്ലൈഫ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുടേയും ബജാജ് അലയൻസ് ലൈഫ് ഇൻഷുറൻസ് കമ്പനിയുടേയും കൈവശമുള്ള 23.04 കോടി രൂപയുടെ ഓഹരികളുമാണ് വിൽക്കുന്നത്. ഇസാഫ് ജീവനക്കാർക്കായി 12.5 കോടി രൂപ മൂല്യമുള്ള ഇക്വിറ്റി ഓഹരികളും മാറ്റിവച്ചിരിക്കുന്നു.ഐപിഒയിലൂടെ സമാഹരിക്കുന്ന നിക്ഷേപത്തിന്റെ ഒരു ഭാഗം ബാങ്കിന്റെ മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ബിസിനസ് വളർച്ചയ്ക്കും വിനിയോഗിക്കും. ഇന്ത്യയിലുടനീളം ഇസാഫ് ബാങ്കിന് 700 ശാഖകളും 767 കസ്റ്റമർ സർവീസ് കേന്ദ്രങ്ങളും 22 ബിസിനസ് കറസ്പോണ്ടന്റുകളും, 2116 ബാങ്കിങ് ഏജന്റുമാരും, 525 ബിസിനസ് ഫെസിലിറ്റേറ്റർമാരും, 559 എടിഎമ്മുകളുമുണ്ട്. 21 സംസ്ഥാനങ്ങളിലും രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന് സാന്നിധ്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു.എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ജോർജ്ജ്.കെ .ജോൺ, ചീഫ് ഫിനാൻഷ്യൽ ഓഫിസർ ഗിരീഷ് സി.പി എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## ഗാസ സിറ്റി പൂർണമായും വളഞ്ഞെന്ന് ഇസ്രയേൽ സൈന്യം

**ടെൽ അവീവ്:** ഹമാസിൻറെ ശക്തികേന്ദ്രമായ ഗാസ സിറ്റി വളഞ്ഞതായി ഇസ്രയേൽ സൈന്യം. ഗാസ സിറ്റി വളയുകയെന്ന ദൗത്യം സൈന്യം പൂർത്തിയാക്കിയതായി സൈനിക വക്താവ് ഡാനിയേൽ ഹഗാരി മാധ്യമങ്ങളോട് പറഞ്ഞു.

ഇസ്രായേൽ സൈന്യം ഗാസയിൽ കടുത്ത ആക്രമണമാണ് നടത്തിവരുന്നത്. ഈ സാഹചര്യത്തിൽ, ഇസ്രായേൽ വ്യോമാക്രമണവും കരയുദ്ധവും അവസാനിപ്പിക്കണമെന്ന ആവശ്യം ശക്തമായി ഉയരുകയാണ്.

എന്നാൽ, വെടിനിർത്തൽ എന്ന ആശയത്തെക്കുറിച്ച് ചിന്തിക്കുന്നുപോലുമില്ലെന്ന് ഹഗാരി വ്യക്തമാക്കി.

# വൈദ്യുതി നിരക്ക് യൂണിറ്റിന് 20 പൈസ കൂട്ടി

**തിരുവനന്തപുരം:** ഈ മാസം ഒന്നാം തീയതി മുതൽ മുൻകാല പ്രാബല്യത്തിൽ സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർധിപ്പിക്കാൻ റഗുലേറ്ററി കമ്മിഷൻ ഉത്തരവിറക്കി. ഫിക്സഡ് ചാർജ് 10 രൂപ മുതൽ 40 രൂപ വരെ വർധിപ്പിച്ചു. ഇത്തരത്തിൽ വർധിപ്പിച്ച ഫിക്സഡ് എനർജി ചാർജുകളുടെ അടിസ്ഥാനത്തിൽ 200 യൂണിറ്റ് വരെ ഉപയോഗിക്കുന്ന വീടുകളിൽ യൂണിറ്റിന് ശരാശരി 20 പൈസ കൂട്ടാനാണ് കമ്മിഷന്റെ നിർദേശം. ഇത്തരത്തിൽ മാസം 200 യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്ന വീടുകളിൽ 48 രൂപയുടെ വർധനയുണ്ടാകും. 2



മാസത്തെ ആകെ ബിൽതുകയിൽ ഏകദേശം 100 രൂപയുടെ വർധന. 40 യൂണിറ്റിൽ താഴെ വൈദ്യുതി ഉപയോഗിക്കുന്ന വീടുകൾക്കു നിരക്കുവർധന ബാധകമല്ല.

ഐടി, ഐടി അനുബന്ധ വ്യവസായങ്ങൾ, വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ എന്നിവയെയും നിരക്കുവർധനയിൽനിന്ന് ഒഴിവാക്കി. അടുത്ത വർഷം ജൂൺ 30 വരെയാണ് ഈ നിരക്കിനു പ്രാബല്യം.

കഴിഞ്ഞ വർഷം ജൂണിലാണ് ഇതിനു മുൻപ് വൈദ്യുതി നിരക്ക് വർധിപ്പിച്ചത്. പ്രതിവർഷം നിരക്കുവർധനയിലൂടെ 531 കോടി രൂപ അധിക വരുമാനമാണ് ബോർഡിന്റെ ലക്ഷ്യം. യൂണിറ്റിന് 40.6 പൈസ വർധനയാണ് ബോർഡ് ആവശ്യപ്പെട്ടത്.

## ഡിസംബറോടെ പത്ത് മേഖലകളിൽ സ്വദേശിവത്കരണമെന്ന് കുവൈറ്റ്

**കുവൈത്ത് സിറ്റി:** കുവൈറ്റിൽ സ്വദേശിവത്ക്കരണം ശക്തമാകുന്നു. ഡിസംബറോടെ രാജ്യത്തെ പത്ത് മേഖലകളിൽ നൂറു ശതമാനം സ്വദേശിവത്ക്കരണം ശക്തമാകുമെന്നും മന്ത്രാലയങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ പ്രവാസികളെ മാറ്റി കുവൈറ്റ് പൗരന്മാരെ നിയമിക്കുകയും ചെയ്യുമെന്ന് റിപ്പോർട്ടുകൾ വന്നു.

സ്വദേശിവത്കരണത്തിന് കുറച്ചു കൂടി സമയം അനുവദിക്കണമെന്നുള്ള സർക്കാർ ഏജൻസികളുടെ അഭ്യർത്ഥന സർക്കാർ ഇതിനകം തള്ളിയതായും പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ഐടി, മീഡിയ, മറൈൻ, പബ്ലിക്ക് റിലേഷൻസ്, തുടങ്ങിയ മേഖലകളിൽ സ്വദേശിവത്കരണം നടപ്പിലാക്കാനുള്ള നടപടികൾ ഇപ്പോൾ പുരോഗമിക്കുകയാണ്.

4,746,000 ആളുകളാണ് കുവൈറ്റിൽ സർക്കാർ മേഖലയിൽ നിലവിൽ ജോലി ചെയ്യുന്നത്. ഇതിൽ 76.0 ശതമാനവും കുവൈത്തികളാണെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.





# ലളിതകലാ അക്കാദമിയുടെ പ്രദർശനങ്ങൾക്കും തുടക്കമായി

**തിരുവനന്തപുരം:** കേരളീയം 2023ന്റെ ഭാഗമായി കനകക്കുന്ന് കൊട്ടാരത്തിൽ കേരള ലളിതകലാ അക്കാദമി സംഘടിപ്പിക്കുന്ന വിപുലമായ ക്യൂറേറ്റഡ് ആർട്ട് എക്സിബിഷൻ, സമകാലിക ചിത്രകാരന്മാരുടെക്യാമ്പ്, തത്സമയ കാരിക്കേച്ചർ എന്നിവയ്ക്ക് തുടക്കമായി. സാംസ്കാരിക വകുപ്പുമന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു.

പ്രദർശനം നവംബർ 7 വരെ പൊതുജനങ്ങൾക്ക് സന്ദർശിക്കാം. ജിത കാർത്തികേയൻ ക്യൂറേറ്റ് ചെയ്യുന്ന ദി മാപ്സ് ഓഫ് ഔർ സ്കിൻ പ്രദർശനത്തിൽ താഴെ പറയുന്ന കലാകാരരുടെ കലാസൃഷ്ടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ആമി ആത്മജ, എ. അനന്തലാൽ, അനിത ടി.കെ, അനുപമ ഏലിയാസ്, ഭാഗ്യനാഥ് സി, ചിത്ര ഇ.ജി, ഡിപിൻ തിലകൻ, ഹിമ ഹരിഹരൻ, ജ്യോതി ബസു, ജ്യോതിരാജ് മായമ്പിള്ളി, ജ്യോതികുമാർ, മിബിൻ, മധു വേണുഗോപാലൻ, കെ.ടി. മത്തായി, കെ.കെ. മുഹമ്മദ്, നന്ദൻ പി.വി, നീലിമ നാഥ്, നിജീന നീലാംബരൻ, രതിദേവി പണിക്കർ, രജനി എസ്.ആർ, സജിത ആർ. ശങ്കർ, ശാന്തി ഇ.എൻ, പി.ആർ. സതീഷ്, ഷാജി എൻ. ജലീൽ, ഷിബു നടേശൻ, സിജി കൃഷ്ണൻ, സൂരജ കെ.എസ്, കെ. സുധീഷ്, സുരേന്ദ്രൻ നായർ, ടോം ജെ. വട്ടക്കുഴി, സക്കീർ ഹുസൈൻ.ലക്ഷ്മി നിവാസ് കളക്ടീവ് സുനോജ് ഡി, നമ്രത നിയോഗ് ക്യൂറേറ്റ് ചെയ്യുന്ന ആർട്ട് എക്സിബിഷനാണ് അക്കാദമി ഇവിടെ സംഘടിപ്പിച്ചിരിക്കുന്നത്. താഴെപറയുന്ന ശീനാഥ് കെ.എസ്, സനത് സുഗതൻ, ബോസ് കൃഷ്ണമാചാരി, ആനന്ദ് കൽപകശേരി, അജയ് കെ.പി, വിപിൻ ധനുർധരൻ, സാന്ദ്ര തോമസ്, വാസുദേവ് എം. നായർ, നന്ദു കൃഷ്ണ പി.എസ്സ്, സുധീർ സി, കെ ജയാനന്ദൻ, നിർമ്മല നീമ (ആർട്ടിസ്റ്റ് കളക്ടീവ്) എന്നിവരുടെ സൃഷ്ടികളാണ് ഈ പ്രദർശനത്തിലുള്ളത്.

# ക്രെഡായ് സമ്മേളനത്തിന് തുടക്കമായി

**കൊച്ചി:** കേരളത്തിലെ മുഴുവൻ നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും ജനുവരി ഒന്നു മുതൽ ഏകീകൃത സോഫ്റ്റ് വെയർ നിലവിൽ വരുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ്. കെ സ്മാർട്ട് ആപ്ലിക്കേഷൻ ഉദ്ഘാടനം ജനുവരി ഒന്നിന് കൊച്ചിയിൽ മുഖ്യമന്ത്രി നിർവഹിക്കുമെന്നും അദ്ദേഹം പറഞ്ഞു. ക്രെഡായ് കേരള സ്റ്റേറ്റ്കോൺ ഏഴാം പതിപ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കെ സ്മാർട്ട് നിലവിൽ വരുന്നതോടെ സ്മാർട്ട് ഫോൺ മാത്രം ഉപയോഗിച്ച് തദ്ദേശ സ്ഥാപനങ്ങളിൽ പോകാതെ തന്നെ എല്ലാ കാര്യങ്ങളും നടത്താനാകുമെന്നും മന്ത്രി പറഞ്ഞു.

കേരളത്തിൽ ഇത് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കും. മൂന്ന് സംസ്ഥാനങ്ങൾ ഇതിനകം തന്നെ ഈ സോഫ്റ്റ് വെയറിനായി കേരളത്തെ സമീപിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. കെസ്മാർട്ട് നിലവിൽ വരുന്നതോടെ ചട്ടപ്രകാരമുള്ള അപേക്ഷയാണെങ്കിൽ 30 സെക്കൻഡിനുള്ളിൽ ബിൽഡിങ്ങ് പെർമിറ്റ് നൽകും. ചാറ്റ് ജിപിടി, നിർമിത ബുദ്ധി തുടങ്ങി എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തിയാണ് സോഫ്റ്റ് വെയർ തയാറാക്കിയിരിക്കുന്നത്. എൻ ഒ സി കൾ ലഭിക്കാനുള്ള കാലതാമസവും ഒഴിവാകും. തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾക്ക് ഇതോടെ സുതാര്യതയും കാര്യക്ഷമതയും വേഗവും കൈവരുമെന്നും മന്ത്രി ചൂണ്ടിക്കാട്ടി. കേരളം അതിവേഗം നഗരവത്കരിക്കപ്പെടുകയാണെന്നും ഈ വെല്ലുവിളി നേരിടാൻ തദ്ദേശ സ്ഥാപനങ്ങൾ പുതിയ സാധ്യതകൾ ഉപയോഗപ്പെടുത്തണമെന്നും മന്ത്രി രാജേഷ് പറഞ്ഞു.നഗരവികസനത്തിന് പുതിയ രീതി ഉണ്ടാക്കണമെന്നും സർക്കാർ കൊണ്ട് വരുന്ന മാറ്റങ്ങൾ പ്രായോഗികമായി നടപ്പാക്കണമെന്നും വിശിഷ്ടാതിഥിയായിരുന്ന കൊച്ചി മേയർ എം.അനിൽകുമാർ നിർദേശിച്ചു. അടുത്ത 10 വർഷത്തിനുള്ളിൽ റിയൽ എസ്റ്റേറ്റ് രംഗത്ത് വലിയ കുതിച്ച് ചാട്ടം ഉണ്ടാകുമെന്ന് ക്രെഡായ് ദേശീയ പ്രസിഡന്റ് ബൊമൻ ഇറാനി ചൂണ്ടിക്കാട്ടി. സുസ്ഥിര വികസനം സാധ്യമാക്കാൻ ഹരിത നിർമിതികൾ ഉറപ്പാക്കണം. അതിവേഗ മാറ്റത്തിന് അനുസൃതമായി കൂടുതൽ സഹകരണം അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു.

സമ്മേളനത്തിന്റെ നേളഡ്ജ് പാർട്ണർ കുഷ്മാൻ & വേക്ക്ഫീൽഡ് തയ്യാറാക്കിയ റിപ്പോർട്ട് മന്ത്രി പുറത്തിറക്കി. ക്രെഡായ് കേരള ചെയർമാൻ രവി ജേക്കബ്, കോൺഫറൻസ് ചെയർമാൻ ഡോ. നജീബ് സക്കറിയ, ക്രെഡായ് കേരള സെക്രട്ടറി ജനറൽ അഡ്വ.ചെറിയാൻ ജോൺ, കുഷ്മൻ ആൻഡ് വേക്ക് ഫീൽഡ് മാനേജിംഗ് ഡയറക്ടർ വി.എസ് ശ്രീധർ തുടങ്ങിയവർ സംസാരിച്ചു.കേരളത്തെ ടയർ 3 ഡെസ്റ്റിനേഷനാക്കി മാറ്റുന്നത് സംബന്ധിച്ച പാനൽ ചർച്ചയിൽ ക്രെഡായ് നാഷണൽ പ്രസിഡന്റ് ബൊമൻ ഇറാനി, സെക്രട്ടറി രാം റെഡ്ഡി, സ്ട്രാറ്റജിക് കൺസൾട്ടിംഗ് മാനേജിംഗ് ഡയറക്ടർ ഖുർഷദ് ഗാന്ധി, ക്രെഡായ് തെലങ്കാന പ്രസിഡന്റ് രാമകൃഷ്ണറാവു, ക്രെഡായ് കേരള കൺവീനർ എസ്.എൻ. രഘുചന്ദ്രൻ നായർ എന്നിവർ സംസാരിച്ചു.സി ഐ ഐ , ബി എ ഐ , കെ എം എ , ഐ എ എ , ഐ പി എ തുടങ്ങിയ സംഘടനകളിൽ നിന്നുള്ള 100 പ്രതിനിധികൾക്ക് പുറമെ 300ലധികം റിയൽ എസ്റ്റേറ്റ് ഡെവലപ്പർമാരും ദ്വിദിന സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

# കോഴിക്കോട് ആസ്റ്റർ മിംസിൽ നിപ്പ പോരാളികളെ ആദരിച്ചു

കോഴിക്കോട്: നിപ്പാ രോഗികളെ വിജയകരമായി ചികിത്സിച്ച് ഭേദമാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഡോക്ടർമാർ, നേഴ്സുമാർ, മറ്റ് ആശുപത്രി ജീവനക്കാർ, സാമൂഹ്യ പ്രവർത്തകർ, ആംബുലൻസ് ഡ്രൈവർമാർ എന്നിവരെ ആസ്റ്റർ മിംസ് ഹോസ്പിറ്റൽ ആദരിച്ചു.

ഈ വിഭാഗത്തിൽ പെട്ട എല്ലാവരുടേയും കൂട്ടായ പരിശ്രമത്തിലൂടെയാണ് ആശുപത്രിയിൽ അഡ്മിറ്റായിരുന്ന മുഴുവൻ രോഗികളുടേയും ജീവൻ രക്ഷിക്കുവാൻ സാധിച്ചത് എന്ന് ഡോ. എബ്രഹാം മാമ്മൻ (ചീഫ് ഓഫ് മെഡിക്കൽ സർവ്വീസസ് ) പറഞ്ഞു.ഉമ്മ നോക്കുന്നത് പോലെയാണ് തന്റെ മകനെ എല്ലാ നഴ്സുമാരും പരിചരിച്ചത് എന്ന് അവൻ പറയുമ്പോൾ, ക്വാറന്റൈനിലിരിക്കുന്ന ഞാൻ അനുഭവിച്ച ആശ്വാസം പറഞ്ഞറിയിക്കാനാവാത്തതാണ്. പി പി ഇ കിറ്റ് ധരിച്ചിരുന്നതിനാൽ ആരുടേയും മുഖം കാണാൻ സാധിക്കാത്തതായിരുന്നു അവന് ഏറ്റവും ദുഖം എന്ന് നിപ്പയെ അതിജീവിച്ച ഒൻപത് വയസ്സുകാരൻ ഹനീനിന്റെ മാതാവ് സാറാത്ത് വികാരാധീനയായി വിവരിച്ചു.

ഹനീനെ പരിചരിച്ച ജീവനക്കാരുടെ സ്നേഹസമ്മാനവും വേദിയിൽ വെച്ച് കൈമാറി. ഡോ. സുരേഷ് കുമാർ സ്വാഗതം പറഞ്ഞു. ഡോ. സതീഷ് കുമാർ, ഡോ. അനൂപ് കുമാർ എന്നിവർ ചികിത്സാനുഭവം പങ്കുവെച്ചു. ഡോ. എബ്രഹാം മാമ്മൻ ഡോക്ടർമാർക്കുള്ള ആദരവ് കൈമാറി. ചികിത്സയിലുണ്ടായിരുന്ന റമീസ്, ഹനാന്റെ മാതാവ് സാറാത്ത്, മരണപ്പെട്ട ഹാരിസിന്റെ സുഹൃത്ത് സിദ്ദിഖ്, ആംബുലൻസ് ഡ്രൈവർ സമീർ എന്നിവർ അനുഭവം പങ്കുവെച്ചു. ഡോ. മധുകല്ലാത്ത്, ഡോ .സിജിത്ത് എന്നിവർ പ്രസംഗിച്ചു. നിപ്പ പ്രതിരോധത്തിൽ അണിനിരന്ന ഡോക്ടർമാരും, നഴ്സുമാരും, മറ്റ് ജീവനക്കാരും, ആംബുലൻസ് ഡ്രൈവർമാരും, പൊതുപ്രവർത്തകരും ആദരവ് ഏറ്റുവാങ്ങി.

# ആഭ്യന്തര വിൽപ്പനയിൽ വൻ നേട്ടവുമായി കിയ ഇന്ത്യ

**കൊച്ചി :** ഒക്ടോബർ മാസത്തിൽ 24,351 വാഹനങ്ങൾ വിറ്റു വൻ നേട്ടം കൊയ്ത് കിയ ഇന്ത്യ. മുൻ വർഷത്തേക്കാൾ 4.41 % റെക്കോർഡ് വളർച്ച നേടിയ കിയയുടെ നാലാമത്തെ മികച്ച മാസവില്പനയാണിത്. കിയയുടെ ഏറ്റവും പുതിയ മോഡലായ സെൽറ്റോസ് 12,362 വാഹനങ്ങൾ വിറ്റഴിച്ചാണ് ഈ റെക്കോർഡ് സ്വന്തമാക്കിയത്.

മറ്റ് മോഡലുകളായ സോണറ്റ് 6,493 യുണിറ്റും കാരെൻസ് 5,355 യൂണിറ്റും ഇവിസിക്സ് 141 യൂണിറ്റുമാണ് വിൽപന നടത്തിയത്.ഞങ്ങളുടെ കാർ മോഡലുകൾ മറ്റ് കാർനിർമാതാക്കളുടെ കടുത്ത മത്സരം നേരിട്ടിട്ടും, വലിയ നേട്ടം സ്വന്തമാക്കി. വരും മാസങ്ങളിലും ഇതേ നേട്ടങ്ങൾ കൈവരിക്കാൻ പരിശ്രമിക്കുമെന്ന് കിയ ഇന്ത്യ സൈയിൽസ് ആൻഡ് മാർക്കറ്റിംഗ് ഹെഡായ ഹർദീപ് സിംഗ് ബ്രർ പറഞ്ഞു. ഈ വർഷം ഒക്ടോബർ വരെ 219,702 വാഹനങ്ങളാണ് കിയ ഇന്ത്യ വിറ്റത്.

# ജസ്റ്റ് വാച്ചസ് സ്റ്റോർ ഉദ്ഘാടനം ചെയ്തു




**കൊച്ചി:** യുഎസ് ആസ്ഥാനമായുള്ള വാച്ച് മേക്കർ ടൈമെക്സ് ഗ്രൂപ്പ് തങ്ങളുടെ ആദ്യത്തെ ജസ്റ്റ് വാച്ചസ് സ്റ്റോർ കൊച്ചി ലുലു മാളിൽ പ്രവർത്തനമാരംഭിച്ചു.ചലച്ചിത്ര താരം ശ്രിന്ദയാണ് സ്റ്റോർ ഉദ്ഘാടനം നിർവഹിച്ചത്.

ജസ്റ്റ് വാച്ചസിനു നിലവിൽ രാജ്യത്തുടനീളം 16 സ്റ്റോറുകൾ ഉണ്ട്. ഈ സാമ്പത്തിക വർഷം നാല് സ്റ്റോറുകൾ കൂടി തുടങ്ങും. വെർസാഷെ പോലുള്ള ക്ലാസിക്കുകൾ മുതൽ സമകാലീനമായ ടൈമെക്സ്, ഡാനിയൽ വെല്ലിംഗ്ടൺ വരെയുള്ള വിവിധ വാച്ച് ബ്രാൻഡുകൾ സ്റ്റോറിൽ ലഭ്യമാണ്. ഫിലിപ് പ്ലെയിൻ, പ്ലെയിൻ സ്പോർട്സ്, നോട്ടിക്ക, ഡാനിയൽ ഗസ്, ജിസി എന്നിവയിൽ നിന്നുള്ള ഏറ്റവും പുതിയതും ഉത്സവകാല ശേഖരങ്ങളും സ്റ്റോറിൽ ലഭ്യമാണ്.കൊച്ചിയിലെ ലുലു മാളിൽ ജസ്റ്റ് വാച്ചസ് സ്റ്റോർ ആരംഭിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ടെന്ന് ടൈമെക്സ് ഗ്രൂപ്പ് ഇന്ത്യ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ദീപക് ചബ്ര പറഞ്ഞു.

# നവകാർഷിക കേരളത്തിന് വേണ്ടത് നിത്യഹരിത വിപ്ലവം: മന്ത്രി പി. പ്രസാദ്

**തിരുവനന്തപുരം:** നവകാർഷിക കേരളത്തിന് വേണ്ടത് നിത്യഹരിത വിപ്ലവമാണെന്ന് കാർഷിക വികസന, കർഷകക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് പറഞ്ഞു. കേരളീയത്തിന്റെ ഭാഗമായി നിയമസഭയിലെ ആർ. ശങ്കരനാരായണൻ തമ്പി ഹാളിൽ സംഘടിപ്പിച്ച കാർഷിക സെമിനാർ ഉപസംഹരിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. പരിസ്ഥിതിയെയും മനുഷ്യനെയും ജീവജാലങ്ങളെയും എല്ലാ പരിഗണിച്ചുകൊണ്ടുള്ള കാർഷിക വികസനമാണ് നമുക്ക് വേണ്ടത്. നമ്മുടെ നാട്ടിലും വിദേശത്തും അനുകരണീയ മാതൃകകളും ബദലുകളും കർഷക വിജയഗാഥകളും ഒട്ടേറെയുണ്ട്. ഇവയിൽ നിന്നെല്ലാം ആശയങ്ങൾ സ്വീകരിച്ച് കൃഷി വകുപ്പ് നടപ്പാക്കും, കേരളീയം കാർഷിക സെമിനാറിൽ ഉയർന്നുവന്ന ആശയങ്ങൾ സമാഹരിച്ച് നവംബറിൽ തന്നെ കർമപദ്ധതി തയാറാക്കും. നവകാർഷിക കേരളം സാധ്യമാക്കുന്നതിന് സമഗ്ര പദ്ധതികൾ തയാറാക്കി നടപ്പാക്കും. എല്ലാ ജില്ലകളിലെയും കർഷകരുമായി ആശയവിനിമയം നടത്തിയാവും പദ്ധതികൾ ആവിഷ്കരിക്കുക. ആധുനിക കാർഷിക സാങ്കേതിക വിദ്യകളെ പരമാവധി പ്രയോജനപ്പെടുത്തും. എന്നാൽ കാർഷിക മേഖലയിലെ കോർപറേറ്റുകൾക്ക് കർഷകരെ എറിഞ്ഞുകൊടുക്കില്ല. ചെറുകിട കർഷകർക്ക് പരമാവധി പ്രോത്സാഹനം നൽകും. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങളിൽ ശാസ്ത്രീയ പരിഹാരം കണ്ടെത്തും. കേരള കാർഷിക സർവകലാശാല കർഷകർക്കായി നടത്തുന്ന സേവനങ്ങളെയും കൈവരിച്ച നേട്ടങ്ങളെയും പാനലിസ്റ്റുകളായ ഡോ. നീരജയും ഡോ. കടമ്പോട്ട് സിദ്ധീഖും മുക്തകണ്ഠം പ്രശംസിച്ചത് സന്തോഷം നൽകിയതായും കേരളത്തിന്റെ അഭിമാന സ്ഥാപനമാണ് കാർഷിക സർവകലാശാലയെന്നും മന്ത്രി പറഞ്ഞു. കൂടുതൽ കർഷകരുമായി സർവകലാശാലയെ ബന്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്നും കേരഗ്രാമം പദ്ധതി വിപുലപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. കേരളത്തിലെ കാർഷിക മേഖല നേരിടുന്ന പ്രധാന വെല്ലുവിളി ഉത്പാദനക്കുറവല്ലെന്നും ഉത്പാദനത്തിന് അനുസരിച്ചുള്ള വിപണി ഉണ്ടാകുന്നില്ലെന്നതാണെന്നും മന്ത്രി പറഞ്ഞു.

കർഷിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മിഷണറുമായ ബി അശോക് കൃഷി വകുപ്പ് പദ്ധതി അവതരിപ്പിച്ചു. ദേശീയ കാർഷിക ശാസ്ത്ര അക്കാദമി സെക്രട്ടറി കെ.സി ബെൻസൽ സുസ്ഥിര കാർഷിക വികസനത്തിനും ഉത്പാദനക്ഷമതക്കും നൂതന ശാസ്ത്ര സാങ്കേതിക വിദ്യകൾ എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

സുസ്ഥിരമായ ഉത്പാദനത്തിന് കാർഷിക വരുമാനം വർധിപ്പിക്കൽ, കാലാവസ്ഥാ വ്യതിയാനത്തെ നേരിടൽ, കാർബൺ നിർഗമനം കുറയ്ക്കൽ എന്നിവ പ്രധാനമായി പരിഗണിക്കണമെന്ന് ലോക ബാങ്ക് സീനിയർ എക്കണോമിസ്റ്റ് ക്രിസ് ജാക്സൺ പറഞ്ഞു. നിലവിൽ കാർഷിക വകുപ്പ് നടപ്പിലാക്കി വരുന്ന 9 സാങ്കേതിക ഇടപെടലുകൾ കൂടുതൽ ശക്തമാക്കി നടപ്പിലാക്കിയാൽ കേരളത്തിലെ കാർഷിക രംഗം വികസിക്കുമെന്നും കർഷകരുടെ വരുമാനം വർധിക്കുമെന്നും സംസ്ഥാന അഗ്രികൾച്ചറൽ പ്രൈസസ് ബോർഡ് ചെയർമാൻ പി രാജശേഖരൻ ചൂണ്ടിക്കാട്ടി. വെസ്റ്റേൺ ഓസ്ട്രേലിയ സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചർ ഡയറക്ടർ കടമ്പോട്ട് സിദ്ദീഖ് നിലവിലെ കാർഷിക സാഹചര്യം, മാറിക്കൊണ്ടിരിക്കുന്ന ആഗോള കാർഷിക മേഖല, കേരളത്തിലെ പ്രശ്നങ്ങളും അവ തരണം ചെയ്യുന്നതിനുള്ള മാർഗങ്ങളും തന്റെ പ്രഭാഷണത്തിൽ വിശദീകരിച്ചു.

കേരളത്തെപ്പോലെ വിയറ്റ്നാമും കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾ ഏറെ അഭിമുഖീകരിക്കുന്നതായി ഇൻററർനാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ട്രസ്റ്റ് ചെയർമാനും വിയറ്റ്നാമിലെ മുൻ കാർഷിക വികസന, ഗ്രാമ വികസന മന്ത്രിയുമായ കാവു ഡ്യൂ ഫാട്ട് പറഞ്ഞു. വിയ്റ്റ്നാമിലെ കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും സുസ്ഥിര കാർഷിക അഭിവൃദ്ധിക്കുമായി വിയറ്റ്നാം സർക്കാർ നടത്തിയ ഇടപെടലുകളും വിപണി അധിഷ്ഠിത നയരൂപീകരണവും അദ്ദേഹം വിശദീകരിച്ചു. നെൽകൃഷിയിൽ കീടപ്രതിരോധ ശേഷിയും ഉപ്പുവെള്ളത്തെ പ്രതിരോധിക്കുകയും ചെയ്യുന്ന ഇനങ്ങൾ വികസിപ്പിച്ചെടുക്കണമെന്ന് ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചറൽ റിസർച്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റൈസ് റിസർച്ച് മുൻസിപ്പൽ സയന്റിസ്റ്റുമായ സിഎൻ നീരജ പറഞ്ഞു. കേരളത്തിലെ പൊക്കാളി നെല്ലിൽ ഉപ്പുവെള്ളത്തെ പ്രതിരോധിക്കന്ന ജീൻ കണ്ടെത്തിയതായും ഇത് ലോകത്തിന് തന്നെ നേട്ടമാണെന്നും അവർ പറഞ്ഞു. ഔഷധ, പോഷക മൂല്യമുള്ള നെല്ലിനങ്ങളും സങ്കര വർഗങ്ങളും വികസിപ്പിക്കണമെന്നും ഡോ. നീരജ പറഞ്ഞു. ഇസ്രായേൽ സന്ദർശിച്ച കേരളത്തിൽ നിന്നുള്ള കർഷക സംഘത്തിലെ അംഗമായ ശ്രീവിദ്യ എം, സംസ്ഥാന കർഷക അവാർഡ് ജേതാവ് സുജിത്ത് എസ് പി, കാർഷിക സംരംഭകനായ ജ്ഞാന ശരവണൻ എന്നിവർ കൃഷി അനുഭവങ്ങൾ പങ്കുവെച്ചു. സെമിനാറിന്റെ ആംഗ്യഭാഷാ അവതരണവും അരങ്ങേറി.

# ക്ഷീരമേഖലയിൽ കൂടുതൽ മാറ്റങ്ങൾ സൃഷ്ടിക്കും: മന്ത്രി ചിഞ്ചുറാണി

**തിരുവനന്തപുരം:**പുത്തൻ ശാസ്ത്ര സാങ്കേതിക വിദ്യകൾ പരിശീലിപ്പിച്ച് ക്ഷീരമേഖലയിൽ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിലടക്കം മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയണമെന്ന് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുമന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. കേരളീയത്തിന്റെ രണ്ടാം ദിനം ജിമ്മി ജോർജ് സ്റ്റേഡിയത്തിൽ നടന്ന കേരളത്തിലെ ക്ഷീര വികസനമേഖല എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. പാലുൽപാദനത്തിൽ 90% സ്വയംപര്യാപ്തത കൈവരിക്കുന്നതിന് നമുക്ക് സാധിച്ചത് ആവശ്യമായ നയസമീപനങ്ങൾ സ്വീകരിച്ചതിലൂടെയാണ്. വിവിധ വകുപ്പുകളിലൂടെ കൂടുതൽ കർഷകരെ പശുവളർത്തൽ മേഖലയിൽ ആകർഷിക്കാൻ കഴിഞ്ഞു. ശാസ്ത്രീയമായ പശു വളർത്തൽ രീതികൾ അവലംബിക്കാൻ സംസ്ഥാനത്തെ കർഷകരെ പരിശീലിപ്പിക്കുക, സംസ്ഥാനത്ത് ഗുണമേന്മയുള്ള പാൽ ലഭ്യമാക്കുക, പാൽ ഉത്പന്നങ്ങളുടെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ നടപ്പാക്കുക എന്നിവ പ്രധാനമാണ്.

സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് പശുവളർത്തൽ മേഖല ശാക്തീകരിക്കാനും തീറ്റ വസ്തുക്കൾ മിതമായ നിരക്കിൽ കർഷകർക്ക് ലഭിക്കാനുള്ള പദ്ധതികൾ സർക്കാർ നടപ്പാക്കി. ശാസ്ത്രീയ പ്രജനനനയം നടപ്പാക്കിയതിലൂടെ പാൽ ഉൽപാദനവും കൂടി.

പശുവളർത്തൽ മേഖലയിൽ ആധുനികവൽക്കരണവും യന്ത്രവൽക്കരണവും നടപ്പാക്കുക, ആവശ്യമായ ഉരുക്കൾക്കായി കന്നുകുട്ടികളെ ശാസ്ത്രീയമായി പരിപാലിക്കുക എന്നിവയിലും ശ്രദ്ധ നൽകുന്നു. വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ വളർത്തൽ പ്രോൽസാഹിപ്പിക്കുകയാണ്.

ക്ഷീരകർഷകർക്കും പശുക്കൾക്കും മികച്ചതും ചെലവുകുറഞ്ഞതുമായ ആരോഗ്യസംരക്ഷണം, പൂർണമായ ഇൻഷുറൻസ് പരിരക്ഷ പദ്ധതികൾ എന്നിവ ഉറപ്പ് നൽകുന്നു. സാമൂഹ്യസുരക്ഷ ഉറപ്പാക്കിയും ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയും സംസ്ഥാനത്തെ ക്ഷീര ഉൽപ്പാദന രംഗത്ത് വിപ്ലവകരമായ മാറ്റം കൊണ്ടുവരികയാണ് സർക്കാർ ചെയ്യുന്നത്. കലണ്ടർ തയ്യാറാക്കി പ്രതിരോധമാർഗങ്ങൾ അവലംബിച്ചും രോഗസാധ്യത കുറച്ചും വാതിൽപ്പടി മൃഗചികിത്സ സേവനം നൽകിയും മൃഗസംരക്ഷണ വകുപ്പ് സേവനങ്ങൾ ഉറപ്പാക്കുന്നു.

സ്റ്റാർട്ടപ്പ് മിഷനുകൾ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി. 100% സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിലേക്ക് സംസ്ഥാനം മാറുകയാണ്. മേഖലയിൽ നിന്നും കൊഴിഞ്ഞു പോകുന്ന കർഷകരുടെ എണ്ണം നിയന്ത്രിച്ചു കൊണ്ടുവരേണ്ടതുണ്ട്. പുല്ലിന്റെ ലഭ്യത കുറവ് പരിഹരിക്കുക, വർദ്ധിച്ച പാൽ ഉൽപ്പാദന ചെലവ് നിയന്ത്രിക്കുക, സ്ഥലപരിമിതിയുടെ പ്രശ്നങ്ങൾ എന്നിവ നാം നേരിടുന്ന വെല്ലുവിളികളാണ്. അന്തരീക്ഷ മലിനീകരണ പ്രശ്നങ്ങൾ , രജിസ്ട്രേഷൻ നടപടികളിൽ നേരിടുന്ന കാലതാമസം എന്നിവ പരിഹരിക്കും. ക്ഷീര കർഷകർക്ക് ഉയർന്ന ബാങ്ക് പലിശ നിരക്ക് നൽകേണ്ടി വരുന്നു എന്ന് പ്രശ്നം നിലവിലുണ്ടെന്നും മന്ത്രി പറഞ്ഞു.

# ഇന്ത്യയിൽ അതിവേഗം വളരുന്ന പത്ത് നഗരങ്ങളിൽ കൊച്ചിയും തിരുവനന്തപുരവും

**കൊച്ചി:** രാജ്യത്ത് അതിവേഗം വളരുന്ന പത്ത് നഗരങ്ങളുടെ പട്ടികയിൽ തിരുവനന്തപുരവും കൊച്ചിയും ഇടം പിടിച്ചു. പതിനേഴ് ടയർ 2 നഗരങ്ങളിൽ നിന്ന് തയാറാക്കിയ പത്ത് നഗരങ്ങളുടെ ചുരുക്കപ്പട്ടികയിലാണ് കേരളത്തിലെ രണ്ട് നഗരങ്ങൾ ഉൾപ്പെട്ടത്. അതിവേഗം വളരുന്ന രണ്ട് നഗരങ്ങളുള്ള ഏക സംസ്ഥാനം കേരളമാണ്.

ക്രെഡായ് സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് പ്രമുഖ റിയൽ എസ്റ്റേറ്റ് സേവനദാതാവായ കുഷ്മൻ ആൻഡ് വേക്ക്ഫീൽഡ് ഇന്ത്യ തയാറാക്കിയ റിപ്പോർട്ടിലാണ് കേരളത്തിലെ രണ്ട് നഗരങ്ങൾ അതിവേഗ വളർച്ചയുടെ പാതയിലാണെന്ന് കണ്ടെത്തലുള്ളത്.

റിപ്പോർട്ട് മന്ത്രി എം.ബി രാജേഷ് പ്രകാശനം ചെയ്തു. ജയ്പൂർ, സൂറത്, കോയമ്പത്തൂർ, വിശാഖപട്ടണം, ഇൻഡോർ, നാഗ്പൂർ, ലക്നൗ, ഭുവനേശ്വർ തുടങ്ങിയ മഹാനഗരങ്ങൾക്കൊപ്പമാണ് കൊച്ചിയും തിരുവനന്തപുരവും സ്ഥാനം പിടിച്ചത്.സ്വതന്ത്ര വീടുകൾ എന്ന കാഴ്ചപ്പാടിൽ നിന്ന് മികച്ച അപ്പാർട്മെന്റുകൾ എന്നതിലേക്ക് മലയാളിയുടെ അഭിരുചി അതിവേഗം മാറുകയാണെന്ന് റിപ്പോർട്ടിൽ കണ്ടെത്തലുണ്ട്. മെട്രോപൊളിറ്റൻ നഗരങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ നഗരങ്ങളിൽ പ്രീമിയം റെസിഡൻഷ്യൽ സൗകര്യങ്ങൾ ലഭ്യമാണ്.

പോപ്പുലേഷൻ സൈസ് ഇൻഡക്സ്, ഈസ് ഓഫ് ലിവിങ് സ്കോർ, രാജ്യാന്തര എയർ പാസഞ്ചർ ഇൻഡക്സ്, മെട്രോ ഡെവലപ്മെൻറ് ഇന്ഡക്സ്, ഹൗസ് പ്രൈസ് ഇൻഡക്സ്, ജി ഡി പി പെർ ക്യാപിറ്റ ഇൻഡക്സ് തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് റിപ്പോർട്ട് തയാറാക്കിയത്.

രാജ്യത്തെ അടുത്ത റിയൽ എസ്റ്റേറ്റ് വികസനകുതിപ്പിൽ കേരളത്തിന് നിർണായക സ്ഥാനമുണ്ടാകുമെന്ന് ഗവേഷണ റിപ്പോർട്ട് പറയുന്നു. രാജ്യത്തെ നിരക്കിനേക്കാൾ ഉയർന്ന തോതിലാണ് കേരളത്തിലെ നഗരവത്കരണം. കർണാടകം, തെലങ്കാന തുടങ്ങിയ വ്യവസായ സംസ്ഥാനങ്ങളെക്കാൾ വേഗത്തിലാണ് കേരളം നഗരവത്കരിക്കപ്പെടുന്നതെന്നും റിപ്പോർട്ട് കണ്ടെത്തി. കോഴിക്കോട്, തൃശൂർ, പാലക്കാട്, എന്നിവയാണ് കേരളത്തിലെ അതിവേഗം വളരുന്ന നഗരങ്ങളെന്നും റിപ്പോർട്ട് കണ്ടെത്തിയിട്ടുണ്ട്.

# കോൺ കോർപറേഷന്റെ പുതിയ എലിവേറ്റർ ടെസ്റ്റിംഗ് ടവറും ലാബുകളും തുടങ്ങി

**കൊച്ചി:** കോൺ കോർപ്പറേഷന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഉപസ്ഥാപനമായ കോൺ എലിവേറ്റേഴ്സ് ഇന്ത്യ, തങ്ങളുടെ ഉയർന്ന സാങ്കേതിക വിദ്യയും നൂതന കഴിവുകളും പ്രോത്സാഹിപ്പിക്കുന്നതിനായി ടവറും ലാബുകളും ഉൾപ്പെടെ അത്യാധുനിക ഗവേഷണ വികസന എലിവേറ്റർ ടെസ്റ്റ് സൗകര്യം സ്ഥാപിച്ചു. ചെന്നൈയ്ക്ക് സമീപമുള്ള ശ്രീപെരുമ്പത്തൂരിലാണ് പുതിയ സൗകര്യം സ്ഥാപിച്ചിരിക്കുന്നത്. ഒന്നിലധികം ഷാഫ്റ്റുകൾ അടങ്ങിയിരിക്കുന്ന ടെസ്റ്റ് ടവറിൽ പുതിയ ഉയർന്നതും ഇടത്തരവുമായ സൊല്യൂഷനുകളും എലിവേറ്റർ, എസ്കലേറ്റർ ഘടകങ്ങളുടെ പരിശോധനയ്ക്കായി ലബോറട്ടറികളും പരീക്ഷിക്കുന്നതിനായി പുനർക്രമീകരിക്കാൻ കഴിയും. ടെസ്റ്റ് ടവറും ആർ & ഡി ടെസ്റ്റിംഗ് പ്രക്രിയകളും ഉപകരണങ്ങളും നിർമ്മിച്ചിരിക്കുന്നത് ഉയർന്ന സുരക്ഷയും ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളും പരിഹാരങ്ങളും ഉറപ്പാക്കുന്നതിന് വിവിധ തരത്തിലുള്ള ഗുണനിലവാരവും വിശ്വാസ്യത പരിശോധനകളും നടത്തുന്നതിന് വേണ്ടിയാണ്.എലിവേറ്റർ, എസ്കലേറ്റർ വിപണിയിലെ നിലവിലുള്ള ആവശ്യങ്ങളും ഞങ്ങളുടെ ഉപഭോക്താക്കളുടെ ഭാവി ആവശ്യങ്ങളും നിറവേറ്റുന്നതിനും വേണ്ടിയാണ് ടെസ്റ്റ് ടവറും ആർ ആൻഡ് ഡി സെന്ററും സജ്ജീകരിച്ചിരിക്കുന്നതെന്ന് കോൺ കോർപ്പറേഷന്റെ പ്രസിഡന്റും സിഇഒയുമായ ഹെന്റിക് എർൺറൂത്ത് പറഞ്ഞു.എലിവേറ്റർ വ്യവസായത്തിന്റെ ശക്തമായ വളർച്ചയ്ക്ക് സംഭാവന നൽകുന്ന വിപുലമായ സാധ്യതകൾ അവതരിപ്പിക്കുമെന്നും ഹെന്റിക് എർൺറൂത്ത് പറഞ്ഞു.




# സൊസൈറ്റി ഓഫ് പെട്രോളിയം ജിയോഫിസിസ്റ്റ് ദ്വിവാർഷിക സമ്മേളനവും എക്സ്പോയും

**കൊച്ചി :** പ്രെട്രോളിയം മേഖലയിൽ പ്രശസ്തരായ ജിയോ സയന്റിസ്റ്റുകളുടെയും എഞ്ചിനീയർമാരുടെയും സംഘടനയായ സൊസൈറ്റി ഓഫ് പെട്രോളിയം ജിയോഫിസിസ്റ്റുകളുടെ (എസ്.പി.ജി.) പതിനാലാമത് ദ്വിവാർഷിക സമ്മേളനവും എക്സ്പോയും ഇന്നു മുതൽ 5 വരെ കൊച്ചിയിൽ ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കും. ഒ.എൻ.ജി.സി ഡയറക്ടർ (എക്സ്പ്ലോറേഷൻ ) സുഷമ റാവത്ത് സമ്മേളനം ഉദ്ഘാടനം ചെയ്യും. ഒഎൻജിസി വിദേശ് ലിമിറ്റഡ് (ഒ.വി.എൽ) രാജർഷി ഗുപ്ത, ഒഎൻജിസി എക്സിക്യൂട്ടീവ് ഡയറക്ടറും എസ്പിജിഇന്ത്യ പ്രസിഡന്റുമായ വിശാൽ ശാസ്ത്രി, യൂറോപ്യൻ അസോസിയേഷൻ ഓഫ് ജിയോ സയന്റിസ്റ്റ്സ് & എഞ്ചിനീയേഴ്സ് (നെതർലാൻഡ്സ് ) സി.ഇ.ഒ. മാർസൽ റോബർട്ട് വാൻ ലൂൺ, യു.എസ്. സൊസൈറ്റി ഓഫ് എക്സ്പ്ലോറേഷൻ ജിയോഫിസിസ്റ്റ്സ് ഡയറക്ടർ കോൺസ്റ്റന്റൈൻ സിംഗാസ്, എന്നിവർ സംസാരിക്കും.ഊർജ്ജ ചെലവ്, വിശ്വാസ്യത, പാരിസ്ഥിതിക സുസ്ഥിരത എന്നിവ സന്തുലിതമാക്കിയുള്ള പ്രവർത്തനം സങ്കീർണ്ണമായ വെല്ലുവിളിയാണ്. എതിർദിശകളിലേക്ക് വലിക്കുന്ന ഈ ഊർജ്ജ ത്രികോണത്തെ ആധുനിക ജിയോ സയൻസ് വഴി കൃത്യതയോടെ വികസിപ്പിക്കുകയാണ് സമ്മേളന ലക്ഷ്യം.

ഊർജ സുസ്ഥിരതയിലേക്കുള്ള ഇന്ത്യയുടെ യാത്ര ഇന്ന് സുപ്രധാന വഴിത്തിരിവിലാണ്. ജനസംഖ്യയും ആവശ്യങ്ങളും വർദ്ധിച്ചുവരികയാണ്. ആഗോള ഊർജ്ജ ഭൂപടത്തിൽ നിർണായക സ്ഥാനമാണ് ഇന്ത്യക്കുള്ളത്. ന്യൂ ഏജ് ജിയോ സയൻസസ്: എ ഫൾക്രം ഫോർ എനർജി ട്രൈലെമ്മ എന്ന പ്രമേയത്തിലാണ് സമ്മേളനം സംഘടിപ്പിക്കുന്നതെന്ന് സുഷമ റാവത്ത് പറഞ്ഞു,അന്താരാഷ്ട്ര തലത്തിൽ ആഴത്തിലുള്ള ചർച്ചകൾക്കും സഹകരണത്തിനും , പരിഹാരങ്ങൾക്കും പര്യവേക്ഷണ സാങ്കേതിക വിദ്യാ അറിവുകൾ പങ്കിടുന്നതിനുമുള്ള വേദിയായിരിക്കുമിതെന്ന് ഒവിഎൽ എം.ഡി രാജർഷി ഗുപ്ത പറഞ്ഞു. ലോകമെമ്പാടുമുള്ള ജിയോ സയന്റിസ്റ്റുകളും, ഗവേഷകരും അക്കാദമിക് വിദഗ്ധരും പ്രൊഫഷണലുകളും സമ്മേളനത്തിൽ പങ്കെടുക്കും. 24 സുപ്രധാന സാങ്കേതിക സെഷനുകളാണ് സമ്മേളനം അവതരിപ്പിക്കുന്നത്. പ്രശസ്തരായ ഫാക്കൽറ്റിയുടെ നേതൃത്വത്തിൽ പത്തൊൻപത് കോഴ്സുകൾ പ്രീ കോൺഫറൻസ് പ്രോഗ്രാമായി നടക്കും. ഇൻഡസ്ട്രി മീറ്റിന് പുറമെ രാജ്യാന്തര എക്സ്പ്ലോറേഷൻ ആൻഡ് പ്രൊഡക്ഷൻ (ഇ ആൻഡ് പി) കമ്പനികളും, വ്യവസായികളും അത്യാധുനിക സാങ്കേതികവിദ്യകളും ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കുന്ന എക്സ്പോയും മൂന്ന് ദിവസങ്ങളിലായി നടക്കും. പങ്കെടുക്കുന്നവർക്ക് തെക്കൻ കേരളത്തിലെ തീരദേശങ്ങളിൽ ജിയോളജിക്കൽ ഫീൽഡ് ട്രിപ്പ്, വിദ്യാർത്ഥികൾക്കായി പുതിയ പ്രതിഭകളെ ജിയോസയൻസിലേക്ക് ആകർഷിക്കുന്നതിനുള്ള സാങ്കേതിക പരിപാടികൾ, തുടങ്ങിയവയും സമ്മേളനത്തിന്റ ആകർഷണങ്ങളാണ്. ജിയോ സയന്റിസ്റ്റുകൾ, വ്യവസായ പ്രൊഫഷണലുകൾ, വിദ്യാർത്ഥികൾ എന്നിവർക്ക് ംംം.ീഴശിരശമ.ീൃഴ ൽ നേരിട്ട് റെജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് +91 1352752088 spgoffice@spgindia.org

# 2023 എആർസിസി: അഞ്ചാം റൗണ്ടിന് സജ്ജരായി ഹോണ്ട റേസിങ് ഇന്ത്യ ടീം

**കൊച്ചി:** ചൈനയിൽ നടക്കുന്ന 2023 ഏഷ്യാ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിന്റെ (എആർആർസി) അഞ്ചാം റൗണ്ടിന് സജ്ജരായി ഐഡിമിത്സു ഹോണ്ട റേസിങ് ഇന്ത്യ ടീം. നാലാം റൗണ്ടിൽ ശ്രദ്ധേയമായ പ്രകടനം നടത്തിയ ശേഷമാണ് ഈ വാരാന്ത്യത്തിൽ സുഹായ് ഇന്റർനാഷണൽ സർക്യൂട്ടിൽ നടക്കുന്ന മത്സരങ്ങൾക്കായി ടീം ചൈനയിലെത്തുന്നത്. നാല് റൗണ്ട് പൂർത്തിയായ ചാമ്പ്യൻഷിപ്പിൽ 21 പോയിന്റുകളാണ് ഹോണ്ട ടീം ഇതുവരെ നേടിയത്. എപി 250സിസി ക്ലാസ് വിഭാഗത്തിൽ സ്ഥിരതയാർന്ന പ്രകടനം തുടരുന്ന കാവിൻ ക്വിന്റൽ നാലാം റൗണ്ട് മത്സരത്തിൽ 14ാം സ്ഥാനത്ത് ഫിനിഷ് ചെയ്യുകയും, ടീമിന് നിർണായകമായ രണ്ട് പോയിന്റുകൾ കൂട്ടിച്ചേർക്കുകയും ചെയ്തു. സഹതാരം മൊഹ്സിൻ പറമ്പനും 19ാം സ്ഥാനം നേടി മികച്ച പ്രകടനം നടത്തി.




ഓരോ മത്സരത്തിലും ഹോണ്ട റേസിങ് ഇന്ത്യ ടീം ശ്രദ്ധേയമായ പുരോഗതിയും അർപ്പണബോധവും പ്രകടിപ്പിക്കുന്നുണ്ടെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു. കാവിൻ ക്വിന്റലും മൊഹ്സിൻ പറമ്പനും ഈ വാരാന്ത്യത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നത് കാണാൻ തങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ചൈനയിലെ സുഹായ് ഇന്റർനാഷണൽ സ്ട്രീറ്റ് സർക്യൂട്ടിൽ റേസിങ് നടത്തുന്നതിൽ താൻ ആവേശഭരിതനാണെന്ന് ഐഡിമിത്സു ഹോണ്ട റേസിങ് ഇന്ത്യ റൈഡർ കാവിൻ ക്വിന്റൽ പറഞ്ഞു. ഏഷ്യാ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിലെ മത്സരം ശക്തമാണ്, എങ്കിലും ഇന്തോനേഷ്യയിലെ തങ്ങളുടെ സമീപകാല പ്രകടനം കൂടുതൽ ശക്തമായി മുന്നേറാനുള്ള ആത്മവിശ്വാസം നൽകിയിട്ടുണ്ടെന്ന് താരം പറഞ്ഞു.

സുഹായ് ഇന്റർനാഷണൽ സർക്യൂട്ടിലെ റേസിങ് ഒരു മികച്ച അവസരമാണെന്നും, ഹോണ്ട റേസിങ് ഇന്ത്യ ടീമിന്റെ പിന്തുണയോടെ, ഇതുവരെയുള്ള മികച്ച ഫലം നേടാനും ഈ അഭിമാനകരമായ ചാമ്പ്യൻഷിപ്പിൽ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിക്കാനുമാണ് ലക്ഷ്യമിടുന്നതെന്നും ഐഡിമിത്സു ഹോണ്ട റേസിങ് ഇന്ത്യയുടെ മലയാളി റൈഡറായ മൊഹ്സിൻ പറമ്പൻ പറഞ്ഞു.

# ട്രേഡ് റിപ്പോർട്ടിങ് സംവിധാനമായ ഗാർഡിയൻ പുറത്തിറക്കി

**കൊച്ചി:** ട്രേഡുകൾ റിപ്പോർട്ട് ചെയ്യുന്നതും മാനദണ്ഡങ്ങൾ പാലിക്കുന്നത് ആസൂത്രണം ചെയ്യുന്നതുമായ സംവിധാനമായ ഗാർഡിയൻ പുറത്തിറക്കി കെഎഫ്ഇൻടെക്.ട്രേഡ് റിപ്പോർട്ടിങിലെ പാളിച്ചകളും മാനദണ്ഡങ്ങൾ പാലിക്കാതിരിക്കുന്നതും തടയാൻ ഈ പുതിയ സംവിധാനം സഹായകമാകുമെന്ന് കെഎഫ്ഇൻടെക് മാനേജിങ് ഡയറക്ടറും സിഇഒയുമായ ശ്രീകാന്ത് നഡെല്ല പറഞ്ഞു.അത്യാധുനീക ട്രേഡ് ഐഡന്റിഫിക്കേഷൻ അൽഗോരിതം പ്രയോജനപ്പെടുത്തി അനധികൃത ട്രേഡിങുകൾ ഇതു കണ്ടെത്തുകയും റിസ്ക്ക്/ കംപ്ലയൻസ് ഓഫിസർമാർക്കു മുന്നറിയിപ്പു നൽകുകയും ചെയ്യും.

ഉപഭോക്താക്കളുടെ അനുമതിയോടെ ശേഖരിക്കുന്ന സമഗ്രമായ ഡാറ്റയാവും ഗാർഡിയൻ പ്രയോജനപ്പെടുത്തുക. സാമ്പത്തിക രംഗത്തെ സങ്കീർണമായ വെല്ലുവിളികൾ ലളിതമാക്കി നവീനമായ ഉൽപന്നങ്ങളും സേവനങ്ങളും പ്രദാനം ചെയ്യാനാണ് കെഎഫ്ഇൻടെക് എന്നും ശ്രമിക്കുന്നതെന്നും ശ്രീകാന്ത് നഡെല്ല പറഞ്ഞു.




# കാഴ്ചപ്പാടുകളെ നവീകരിക്കുന്ന ന്യൂറോ ഡൈവേഴ്സ്; കേരളീയത്തിൽ ഭിന്നശേഷി യുവാക്കളുടെ കലാപ്രദർശനം

**തിരുവനന്തപുരം:** സാമാന്യ കാഴ്ചപ്പാടുകളെ കൂടുതൽ നവീകരിക്കും, വിപുലമാക്കും കേരളീയത്തിന്റെ ഭാഗമായി ടാഗോർ തിയേറ്ററിൽ ഒരുക്കിയ ന്യൂറോഡൈവേഴ്സായ ഭിന്നശേഷി യുവാക്കളുടെ കലാപ്രദർശനം. 13 കലാകാരന്മാരുടെ വിഭിന്നതല കലാപ്രകാശനം ന്യൂറോ ഡൈവേഴ്സ് പ്രോജക്റ്റ് ക്യൂറേറ്റ് ചെയ്തത് ബിനാലെ സ്ഥാപകൻ ബോസ് കൃഷ്ണമാചാരി. ജീവിതത്തേയും ജീവിത പരിസരങ്ങളേയും അഭിമുഖീകരിക്കുന്നതിന്റെ പ്രതിഫലനങ്ങളാണ് ന്യൂറോഡൈവേഴ്സ് പ്രോജക്റ്റിലെ സൃഷ്ടികൾ. ന്യൂറോഡൈവേഴ്സ് കലാകാരന്മാരും മറ്റു കലാകാരന്മാരും തുല്യരാണെന്ന് ബോസ് കൃഷ്ണമാചാരി പറഞ്ഞു. പലപ്പോഴും ന്യൂറോഡൈവേഴ്സ് കലാകാരന്മാർക്ക് അവസരങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യമുണ്ട്.

ഇപ്പോൾ കേരളീയത്തിൽ പ്രത്യേക അവസരം അവർക്കു കൊടുക്കുന്നുവെന്നതല്ല, മറ്റു കലാകാരന്മാരുടെ സൃഷ്ടികൾക്കൊപ്പം ന്യൂറോഡൈവേഴ്സ് കലാകാരന്മാർക്കും അർഹമായ ഇടം ലഭിക്കുന്നുവെന്നതാണ് പ്രധാനമെന്നും ബോസ് കൃഷ്ണമാചാരി പറഞ്ഞു. 2016ലെ കൊച്ചി ബിനാലെയിൽ ന്യൂറോ ഡൈവേഴ്സ് കലാകാരന്മാരുടെ സൃഷ്ടികൾ പ്രദർശിപ്പിച്ചിരുന്നു.പത്തുവയസു മുതലുള്ള ആർട്ടിസ്റ്റുകൾ പ്രോജക്റ്റിന്റെ ഭാഗമാണ്. വൈഷ്ണവ് കുറ്റിക്കാട്, അനന്യ നാരായണൻ, ഇബ്രാഹിം സൂരജ്, നിഖിൽ സായി പ്രസാദ്, ശ്രേയ രാജഗോപാൽ, ബേസിൽ ജോസഫ് വർഗീസ്, സിദ്ധാർത്ഥ് മുരളി, സാം വർഗീസ്, റോഷൻ കെ സഞ്ജീവ്, നിസ്റീൻ മുഹമ്മദ്, കബീർ വെർണൽ, ദേവദർശ് അജിത്ത്, ബ്രയാൻ വർഗീസ് പ്രദീപ് എന്നിവരുടെ അൻപതോളം സൃഷ്ടികൾ പ്രദർശനത്തിനുണ്ട്.

താത്കാലിക പവലിയൻ സജ്ജമാക്കിയാണ് ഏഴുദിവസത്തേക്ക് നിശ്ചയിച്ച പ്രദർശനം. എന്നാൽ ഇത് ഒരുമാസത്തേക്കെങ്കിലും ദീർഘിപ്പിക്കേണ്ടതാണെന്നു ബോസ് കൃഷ്ണമാചാരി പറഞ്ഞു. അല്ലെങ്കിൽ ഇതിനായി നടത്തിയ യത്നങ്ങൾക്കു വേണ്ടത്ര വ്യാപ്തി ലഭിക്കാതെ പോകും. സമൂഹത്തിന്റെ സമസ്ത തലങ്ങളെയും ഉൾക്കൊള്ളുന്ന കേരളത്തിന്റെ വിശാല പുരോഗമന സമീപനത്തെ പ്രതിഫലിപ്പിക്കുന്നതാണ് ഭിന്നശേഷി യുവാക്കളുടെ പ്രത്യേക പ്രദർശനം.

# സ്പ്രെഡിംഗ് ജോയ് ഷാർജ പുസ്തക മേളയിൽ പ്രകാശനം ചെയ്യും




**കൊച്ചി:** പ്രമുഖ വ്യവസായിയും ജോയ് ആലുക്കാസ് ഗ്രൂപ്പ് സ്ഥാപകനുമായ ജോയ് ആലുക്കാസിന്റെ ജീവിതം പറയുന്ന സ്പ്രെഡിംഗ് ജോയ് ഹൗ ജോയ് ആലുക്കാസ് ബികേം ദി വേൾഡ്സ് ഫേവറിറ്റ് ജുവലർ എന്ന ആത്മകഥ ഷാർജ അന്താരാഷ്ട്ര പുസ്തകമേളയിൽ നവംബർ അഞ്ചിന് പ്രകാശനം ചെയ്യും. രാജ്യാന്തര പുസ്തക പ്രസാധകരായ ഹാപർ കോളിൻ ആണ് ഈ ആത്മകഥ പ്രസിദ്ധീകരിക്കുന്നത്.

പുസ്തകത്തിന്റെ മലയാളം, അറബി പരിഭാഷകളും പണിപ്പുരയിലാണ്. വൈകാതെ പ്രകാശനം ചെയ്യപ്പെടും. ജോയ് ആലുക്കാസ് ആഗോള ബ്രാൻഡ് അംബാസഡറായ ബോളിവുഡ് താരം കജോൾ ദേവ്ഗൺ മുഖ്യാതിഥിയാകും.സംരംഭകത്വ രംഗത്തേക്ക് കടന്നു വരാൻ ആഗ്രഹിക്കുന്നവർക്ക് തങ്ങളുടെ സ്വപ്നം യാഥാർത്ഥ്യമാക്കാൻ വലിയ പ്രചോദനം നൽകുന്ന ഉൾക്കാഴ്ചകളാണ് ഈ പുസ്തകത്തിലുടനീളം പ്രതിപാദിക്കുന്നത്. 1956ൽ പിതാവ് ആലുക്ക ജോസഫ് വർഗീസ് തുടക്കമിട്ട് ലോകത്തെ ഏറ്റവും വലിയ ജ്വല്ലറി റീട്ടെയിൽ ശൃംഖലയായി വളർന്ന ജോയ് ആലുക്കാസിന്റെ മുന്നേറ്റം ഒരു സുപ്രഭാതത്തിൽ സംഭവിച്ചതല്ലെന്ന് ജോയ് ആലുക്കാസ് പറഞ്ഞു.

# ചെറുകിട വായ്പാ വിപണി രണ്ടാം ത്രൈമാസത്തിലും വളർച്ച തുടരുന്നു

**കൊച്ചി:** രാജ്യത്തെ ചെറുകിട വായ്പാ വിപണി 2023 സാമ്പത്തിക വർഷത്തിൻറെ രണ്ടാം ത്രൈമാസത്തിലും സ്ഥായിയായ വളർച്ച തുടരുന്നതായി ട്രാൻസ് യൂണിയൻ സിബിലിൻറെ കണക്കുകൾ സൂചിപ്പിക്കുന്നു. വായ്പാ വിതരണത്തിൻറെ കാര്യത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 15 ശതമാനം വാർഷിക വളർച്ചയാണ് കൈവരിച്ചിട്ടുള്ളത്. ട്രാൻസ് യൂണിയൻ സിബിലിൻറെ ക്രെഡിറ്റ് മാർക്കറ്റ് ഇൻഡിക്കേറ്ററിൻറെ 2023 ജൂണിൽ അവസാനിക്കുന്ന ത്രൈമാസത്തെ റിപ്പോർട്ടാണ് ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടുന്നത്. സുസ്ഥിരമായതും ആരോഗ്യകരമായതുമായ റീട്ടെയിൽ വായ്പാ വിപണിയാണ് ഏറ്റവും പുതിയ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നതെന്ന് ട്രാൻസ് യൂണിയൻ സിബിൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ രാജേഷ് കുമാർ പറഞ്ഞു. ഏതാനും ചില മേഖലകളിൽ നഷ്ടസാധ്യതകൾ സംബന്ധിച്ച സൂചനയുണ്ടെങ്കിലും ഇന്ത്യയിലെ വൻ തോതിലുള്ള യുവ ജനസംഖ്യയും കുറഞ്ഞ വായ്പാ വിതരണം മാത്രമുള്ള സാഹചര്യവും ആദ്യമായി വായ്പകൾ തേടുന്ന വിഭാഗവുമെല്ലാം വൻ സാധ്യതകളാണു നൽകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പുതിയ വായ്പാ അക്കൗണ്ടുകൾ ആരംഭിക്കുന്ന കാര്യത്തിൽ ചെറുനഗരങ്ങളിലും ഗ്രാമങ്ങളിലും വളർച്ചയുണ്ടായി. 1830 വയസു പ്രായമുള്ളവർക്കിടയിലെ പുതിയ അക്കൗണ്ടുകൾ സ്ഥിരമായ നിലയിലുമാണ്. പുതിയ ഭവന വായ്പകളുടെ മൂല്യത്തിൽ 6 ശതമാനം കുറവുണ്ടായപ്പോൾ പ്രോപ്പർട്ടി വായ്പകളുടെ മൂല്യം 12 ശതമാനം വർധിച്ചു. വാഹന വായ്പകളുടെ മൂല്യം 13 ശതമാനവും ഇരുചക്ര വാഹന വായ്പകളുടെ മൂല്യം 18 ശതമാനവും പേഴ്സണൽ വായ്പകളുടെ മൂല്യം 12 ശതമാനവും കൺസ്യൂമർ വായ്പകളുടെ മൂല്യം 20 ശതമാനവും വർധിച്ചു എന്നും കണക്കുകൾ സൂചിപ്പിക്കുന്നു.

# സ്പോട്ട് അഡ്മിഷൻ : ഡിപ്ലോമ ഇൻ ഫോട്ടോ ജേണലിസം

**കൊച്ചി:** കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ ഡിപ്ലോമ ഇൻ ഫോട്ടോ ജേണലിസം 10ാം ബാച്ച് കോഴ്സിലേക്ക് ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

താത്പര്യമുള്ളവർ 2023 നവംബർ 18നു മുൻപ് യോഗ്യത സർട്ടിഫിക്കറ്റുകൾ (എസ്എസ്എൽസി, പ്ലസ് ടു) ആധാർ കാർഡ്, എന്നിവയുടെ ഒറിജിനലും കോപ്പിയും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ എറണാകുളം കാക്കനാടുള്ള കേരള മീഡിയ അക്കാദമി ആസ്ഥാന മന്ദിരത്തിൽ നേരിട്ട് ഹാജരാക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2422275, 8281360360.

# രാജ്യത്തെ ഏറ്റവും മികവുറ്റ പൊതുവിതരണ സംവിധാനം കേരളത്തിലേതെന്ന് മന്ത്രി ജി.ആർ. അനിൽ

**തിരുവനന്തപുരം:** രാജ്യത്തെ ഏറ്റവും മികവുറ്റ പൊതുവിതരണ സംവിധാനം കേരളത്തിലേതെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിൽ. തിരുവനന്തപുരത്ത് നടക്കുന്ന കേരളീയം 2023 ന്റെ ഭാഗമായി ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളത്തിന്റെ ഭക്ഷ്യ ഭദ്രത എന്ന വിഷയത്തിൽ ഇന്ന് തിരുവനന്തപുരം ടാഗോർ തീയറ്ററിൽ സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭക്ഷ്യ വകുപ്പ് മന്ത്രി അദ്ധ്യക്ഷത വഹിച്ച സെമിനാറിൽ സപ്ലൈകോ സി.എം.ഡി ശ്രീറാം വെങ്കിട്ടരാമൻ വിഷയാവതരണം നടത്തി. പ്ലാനിംഗ് ബോർഡ് അംഗം ഡോ. കെ. രവിരാമൻ സെമിനാറിൽ മോഡറേറ്ററായി. കൊളമ്പിയ സർവ്വകലാശാലയിലെ ഡയറക്ടർ ഗ്ലെൻ ഡെന്നിങ്, മുൻ കേന്ദ്ര പൊതുവിതരണ വകുപ്പ് മന്ത്രി കെ. വി തോമസ്, എക്കണോമിക് അനലിസ്റ്റ് ഹെഡ് പ്രൊഫസർ ഡോ. മധുര സ്വാമിനാഥൻ, തമിഴ്നാട് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ജെ. ജയരഞ്ജൻ, സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർമാൻ കെ.വി. മോഹൻകുമാർ, സെന്റർ ഫോർ ചൈൽഡ് ആൻഡ് ലോ യുടെ കോഡയറക്ടർ ഡോക്ടർ നീതു ശർമ, ഫുഡ് സിസ്റ്റം സ്പെഷ്യലിസ്റ്റ് ഡോക്ടർ ആർ. വി ഭവാനി, തമിഴ്നാട് കാഞ്ചിപുരം എം.എൽ.എ ഏഴിലരശൻ, ആർ.ജെ.ഡി യുടെ സ്റ്റേറ്റ് സെക്രട്ടറി മുകുന്ദ് സിംഗ് എന്നിവർ സെമിനാറിൽ സംസാരിച്ചു.

ഭക്ഷ്യ പോഷകസുരക്ഷ ഉറപ്പുവരുത്തുന്നതിനെപറ്റിയും ഭക്ഷ്യ ഭദ്രത പ്രവർത്തനങ്ങൾ കുറച്ചു കൂടി മെച്ചപ്പെട്ട രീതിയിൽ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും എന്നതിനെ പറ്റിയാണ് സെമിനാർ പ്രധാനമായും ചർച്ച ചെയ്യപ്പെട്ടത്. ജാപ്പനീസ് ഭക്ഷണ ശൈലിയിൽ കാർബോ ഹൈഡ്രേറ്റ് ഭക്ഷണങ്ങളുടെ അളവ് കുറച്ചു കൊണ്ട് ആരോഗ്യപരമായി ചെറു ധാന്യങ്ങൾ കൂടി ഉൾപ്പെടുത്തിയ ഭക്ഷണ ശൈലി ആവിഷ്കരിക്കുന്നതിന്റെ ആവശ്യകതയും സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടു. ഭക്ഷ്യഭദ്രത എന്ന ലക്ഷ്യം കൈവരിച്ചു കഴിഞ്ഞ കേരളം പോഷക ഭദ്രത കൂടി ഉറപ്പു വരുത്തേണ്ടതുണ്ട് എന്ന അഭിപ്രായവും സെമിനാറിൽ ഉയർന്ന് വന്നു. വിശപ്പ് രഹിത കേരളം എന്നതിൽ നിന്നും പോഷകവൈകല്യ രഹിത കേരളം എന്ന യാഥാർത്ഥ്യത്തിലേയ്ക്ക് നാം എത്തിച്ചേരേണ്ടതിന്റെ അനിവാര്യതയും സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടു. ആധാർ അധിഷ്ഠിത റേഷൻ വിതരണം, സഞ്ചരിക്കുന്ന റേഷൻകടകൾ, ഒപ്പം പദ്ധതി, ഇപോസ് മെഷീൻ, ഒപ്പറേഷൻ യെല്ലോ തുടങ്ങിയവ എല്ലാം ചർച്ചയിലെ വിഷയങ്ങളായിരുന്നു. സദസ്സിൽ നിന്നും ഉയർന്ന ചോദ്യങ്ങൾക്ക് മന്ത്രിയും വിഷയ വിദഗ്ദരും മറുപടി നൽകി.

# ദേശീയ ആയുർവേദദിനം നവംബർ 10ന്, വിപുലമായ പരിപാടികളുമായി ഭാരതീയ ചികിത്സാ വകുപ്പ്

**തിരുവനന്തപുരം:** എട്ടാമത് ദേശീയ ആയുർവേദ ദിനാചരണത്തോടനുബന്ധിച്ച് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിപുലമായ പരിപാടികളുമായി ഭാരതീയ ചികിത്സാ വകുപ്പ്. ആയുർവേദം എല്ലാവർക്കും എല്ലാ ദിവസവും എന്ന സന്ദേശത്തോടെ നവംബർ 10 മുതൽ 15 വരെയാണ് പരിപാടികൾ സംഘടിപ്പിക്കുക. ആയുർവേദ ഫോർ വൺ ഹെൽത്ത് എന്നതാണ് ഈ വർഷത്തെ പ്രമേയം. ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെയും മറ്റ് അംഗീകൃത സംഘടനകളുടെയും സഹകരണത്തോടയാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്.

നവംബർ 10ന് സംസ്ഥാനതലത്തിൽ വിവിധ ആയുർവേദ വിഭാഗങ്ങളൊരുമിച്ച് പരിപാടി സംഘടിപ്പിക്കും. ആഴ്ചയിൽ ഒരു ദിവസം സംസ്ഥാനത്തെ എല്ലാ ആയുർവേദ സ്ഥാപനങ്ങളിലും ജീവിതശൈലി രോഗങ്ങൾക്കായി പ്രത്യേക ക്ലിനിക്കുകൾ ആരംഭിക്കും. സ്കൂൾ, കോളേജ് തലത്തിൽ ആയുർവേദത്തെക്കുറിച്ച് അവബോധ ക്ലാസുകൾ സംഘടിപ്പിക്കും.

ജില്ലാ തലത്തിൽ ആയുർവേദം എന്റെ ജീവിതത്തിൽ എന്ന വിഷയത്തിൽ ബോധവൽക്കരണ പരിപാടികളും, വിദ്യാർത്ഥികൾക്കായി മത്സരങ്ങളും ജില്ലാ ആസ്ഥാനങ്ങളിൽ റാലിയും സംഘടിപ്പിക്കും. സ്പെഷ്യാലിറ്റി സെന്ററുകളിലും പരിപാടികൾ സംഘടിപ്പിക്കും. പൊതുജന പങ്കാളിത്തത്തോടെ നവംബർ 15 വരെ നടക്കുന്ന പരിപാടികൾക്ക് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ഡോ.കെ.എസ് പ്രിയയും ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഗ്ലാഡി ഹാൽവിനും നേതൃത്വം നൽകും.



# ചില്ലിഗ്രാമം പദ്ധതിക്ക് തുടക്കം

**പന്തളം:** മുളകിന്റെ എരിവ് പന്തളം തെക്കേക്കരയ്ക്ക് ഇനി മധുരമാകുമെന്ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പറഞ്ഞു. പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ചില്ലിഗ്രാമം പദ്ധതി ഡെപ്യൂട്ടി സ്പീക്കർ ഉദ്ഘാടനം ചെയ്തു. ദിവസേന വീടുകളിലേക്ക് ആവശ്യമായ പച്ചമുളക് ഉത്പാദനം വർധിപ്പിക്കുക, കായിക സംസ്കാരം പുതിയ തലമുറയ്ക്കു പകർന്നു നൽകുക തുടങ്ങിയ ഉദ്ദേശത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. 25 സെന്റ് സ്ഥലത്തു കുടുംബശ്രീ ഗ്രൂപ്പ് വഴിയാണ് കൃഷി.

കാശ്മീരി മുളകു തൈകളാണ് കൃഷി ചെയ്യുന്നത്. ആദ്യഘട്ടത്തിൽ പച്ചമുളകുതൈകൾ കൃഷി ചെയ്ത് തുടർന്നു കൃഷി പരിശീലനം, വിപണനം എന്നിവ കുടുംബശ്രീയിലൂടെ ഉറപ്പാക്കി അതുവഴി പഞ്ചായത്തിലെ മുഴുവൻ വീടുകളിലേക്കും വ്യാപിപ്പിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ് രാജേന്ദ്രപ്രസാദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ , ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് റാഹേൽ,പഞ്ചായത്ത് അംഗങ്ങളായ വി പി വിദ്യാധരപണിക്കർ, പ്രിയ ജ്യോതികുമാർ, എൻ കെ ശ്രീകുമാർ, സുരേഷ്കുമാർ, ശരത് കുമാർ, ശ്രീകല, അംബിക ദേവരാജൻ, ജയാദേവി, പ്രസാദ് കുമാർ, രഞ്ജിത്ത്, ശ്രീവിദ്യ, പൊന്നമ്മ വർഗീസ്, സുഹാന ബീഗം, ആശ, ശാലിനി സുരേഷ്, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ എസ് ആദില തുടങ്ങിയവർ പങ്കെടുത്തു.

# 183 എ ദേശീയപാത സ്ഥലമേറ്റെടുപ്പ് വൈകുന്നു

**പത്തനംതിട്ട:** ഭരണിക്കാവ്മുണ്ടക്കയം ദേശീയപാത 183 എയുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുപ്പിന് സർവേ പൂർത്തിയായെങ്കിലും റിപ്പോർട്ട് വൈകുന്നു.

സർവേ നടത്തിയ മുംബൈ ആസ്ഥാനമായ സ്റ്റുപ്പ് കൺസൾട്ടൻറിന് ഏറ്റെടുക്കേണ്ട സ്ഥലങ്ങളുടെ സർവേ നമ്പരുകൾ റവന്യു വകുപ്പിൽനിന്നു ലഭിക്കാത്തതാണ് റിപ്പോർട്ട് വൈകാൻ കാരണം. ഒക്ടോബർ ആദ്യ ആഴ്ചയിൽ റിപ്പോർട്ട് നൽകേണ്ടതായിരുന്നു.

സ്ഥലങ്ങളുടെ സർവേനമ്പരുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തു പരാതികൾ പരിഹരിച്ചെങ്കിൽ മാത്രമേ ഹൈവേ വികസനവുമായി ദേശീയപാത അഥോറിറ്റിക്കു മുന്നോട്ടുപോകാനാകൂ.

ഭരണിക്കാവ്മുണ്ടക്കയം റോഡ് ദേശീയപാത അഥോറിറ്റിക്കു കൈമാറിയിട്ട് മൂന്നുവർഷം പിന്നിട്ടെങ്കിലും നടപടികൾ ഇഴയുകയാണ്. 201819ൽ അംഗീകരിച്ച പദ്ധതിയുടെ ചെലവ് 1600 കോടിയാണ്. നിർമാണ സാമഗ്രികളുടെ വിലക്കയറ്റം കണക്കിലെടുത്ത് പദ്ധതി തുക വർധിപ്പിച്ചേക്കും.

ദേശീയ പാത 183 എയ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് പത്തനംതിട്ട, കൊല്ലം, കോട്ടയം ജില്ലകളിൽ സ്പെഷൽ തഹസിൽദാർമാരെ നിയമിച്ചിട്ട് ഒരു മാസത്തിലേറെയായി. സ്ഥലം ഏറ്റെടുക്കുന്നതിന് സർവേനമ്പർ പ്രകാരം വിജ്ഞാപനം ഇറങ്ങാത്തതിനാൽ തഹസിൽദാർമാർക്കു ജോലികളില്ല.

ഏറ്റെടുക്കുന്ന സ്ഥലത്തിൻറെ വില നിശ്ചയിച്ച് പരാതികൾ കേട്ട് പരിഹാരം കാണേണ്ട ചുമതലയാണിവർക്ക്. റിപ്പോർട്ട് ലഭിച്ചാൽ രണ്ടു മാസത്തിനുള്ളിൽ ഗസറ്റ് വിജ്ഞാപനം ചെയ്യുമെന്നാണ് ദേശീയപാത അഥോറിറ്റി അധികൃതർ പറയുന്നത്. ഒരു വർഷത്തിനുള്ളിൽ സ്ഥലം ഏറ്റെടുത്ത് മൂന്നുവർഷത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

ഭരണിക്കാവിൽനിന്നാരംഭിച്ച് അടൂർ, പത്തനംതിട്ട, മണ്ണാരക്കുളഞ്ഞി, പ്ലാപ്പള്ളി വഴി മുണ്ടക്കയത്തെത്തുന്ന നിർദിഷ്ട ദേശീയപാതയിൽ നിലവിലുള്ള റോഡ് 16 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതാണ് പദ്ധതി.

ബൈപാസുകളിൽ 30 മീറ്റർ വീതിയിൽ നാലുവരി പാതയുണ്ടാക്കും. പുതുതായി സ്ഥലം ഏറ്റെടുത്ത് ബൈപാസുകൾ നിർമിക്കാനാണ് പദ്ധതി. പത്തനംതിട്ട നഗരത്തിലടക്കം ബൈപാസുകളാണ് നിലവിൽ വരിക.

കൈപ്പട്ടൂരിൽനിന്നും ഓമല്ലൂരിൽ നിന്നും ആരംഭിക്കുന്ന ബൈപാസ് പത്തനംതിട്ട ടൗണിൽ പ്രവേശിക്കാതെ താഴെവെട്ടിപ്രത്തിനു സമീപം എത്തിക്കാനാണ് പദ്ധതി. അടൂരിലും ബൈപാസാണ് നിർമിക്കുക.

201819ൽ അംഗീകരിച്ച പദ്ധതിയുടെ അലൈൻമെൻറിൽ ചില മാറ്റങ്ങൾ വരുത്തിയിരുന്നു. അലൈൻമെൻറ് അംഗീകരിച്ചതിനു പിന്നാലെയാണ് സ്ഥലമേറ്റെടുപ്പിനുള്ള നടപടികൾ തുടങ്ങിയത്.

ഭരണിക്കാവ്മുണ്ടക്കയം റോഡ് ദേശീയപാതയ്ക്ക് 2020ൽ വിട്ടുകൊടുത്തതാണ്. അതിനുശേഷം റോഡ് ദേശീയപാതാ നിലവാരത്തിൽ ടാർ ചെയ്തു. പുനർനിർമാണം നടത്തുന്നതിൻറെ മുന്നോടിയായാണ് ടാറിംഗ് പൂർത്തീകരിച്ചത്.

നിലവിലെ വീതിയിലാണ് ടാറിംഗ് നടത്തിയത്. ശബരിമല തീർഥാടകർക്കു കൂടി പ്രയോജനപ്പെടുന്ന തരത്തിലാണ് പാതയുടെ റൂട്ട് നിശ്ചയിച്ചത്. ഈ ഭാഗത്തും ടാറിംഗ് ജോലികൾ തത്കാലം പൂർത്തീകരിക്കാനാണ് നിർദേശിച്ചിരിക്കുന്നത്.

ദേശീയപാതയ്ക്കു കൈമാറിയ ഭാഗത്തെ ജോലികൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് ഇനി ഏറ്റെടുക്കാനാകില്ല.

# എരുമേലി വിമാനത്താവളം: കൂടുതൽ സംവിധാനങ്ങളുമായി പുതിയ പ്ലാൻ തയാറാക്കും




**കോട്ടയം:** എരുമേലിയിൽ വിഭാവനം ചെയ്യുന്നത് കേരളത്തിലെ ഏറ്റവും വിപുലമായ സൗകര്യമുള്ള വിമാനത്താവളം. ആസന്നഭാവിയിൽ യാത്രക്കാരുടെ തിരക്ക് ഏറ്റവും വർധിക്കുന്ന പ്രദേശം എന്ന നിലയിൽ അന്താരാഷ്ട്ര വിമാനത്താവളത്തിന് വേണ്ട സംവിധാനങ്ങളോടെയാണ് ശബരി എയർപോർട്ടിന് അന്തിമ പ്ലാൻ തയാറാക്കുന്നത്.

3500 മീറ്റർ നീളത്തിൽ സംസ്ഥാനത്തെ ഏറ്റവും വലിയ റൺവേയാണ് ഇവിടെ നിർമിക്കുക. നെടുമ്പാശേരിയിൽ 3400 മീറ്ററും കണ്ണൂരിൽ 3050 മീറ്ററും തിരുവനന്തപുരത്ത് 3200 മീറ്ററും റൺവേയാണുള്ളത്. എരുമേലിയിൽ 2.7 കിലോമീറ്ററിനാണ് തുടക്കത്തിൽ സ്ഥലം കണ്ടെത്തിയിരുന്നത്. എന്നാൽ, നോഡൽ ഏജൻസിയായ കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷനും യുഎസ് കൺസൾട്ടൻസിയായ ലൂയി ബഗ്റും ചേർന്നു തയാറാക്കിയ സാങ്കേതിക സാധ്യതാപഠനറിപ്പോർട്ടിൽ കേന്ദ്ര വ്യോമയാനമന്ത്രാലയം ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻറെ അഭിപ്രായം തേടിയിരുന്നു. ഇതിനുള്ള മറുപടിയിൽ ഭൂമിശാസ്ത്രപരമായ ചില പിഴവുകൾ സിവിൽ ഏവിയേഷൻ വകുപ്പ് ചൂണ്ടിക്കാട്ടിയിരുന്നു. കുറഞ്ഞത് മൂന്നു കിലോമീറ്റർ റൺവേ വേണമെന്ന കേന്ദ്രനിർദേശം അനുസരിച്ചാണ് സ്വകാര്യ വ്യക്തികളുടെ സ്ഥലംകൂടി ഏറ്റെടുത്ത് റൺവേ മൂന്നര കിലോമീറ്ററായി ഉയർത്തിയത്.

രാജ്യാന്തര വിമാനത്താവളത്തിന് 3000 മീറ്റർ നീളമുള്ള റൺവേ വേണമെന്നാണ് നിയമം. അതോടെയാണ് ഈ പ്രശ്നം പരിഹരിക്കാൻ രണ്ടാമതും സർവേ നടത്തിയത്.

ചെന്നൈയിലെ ജിയോ ഐഡി എന്ന കമ്പനിയാണ് ഒബ്സ്റ്റക്കിൾ ലിമിറ്റേഷൻ സർഫസ് സർവേ വഴി റൺവേക്ക് പുതിയ സ്ഥലം കണ്ടെത്തിയത്. ഏതു ദിശയിലേക്കും വിമാനം ഉയരാനും ഇറങ്ങാനും ഉള്ള സൗകര്യം എരുമേലിയിലുണ്ട്.

മുൻപ് കരിക്കാട്ടൂർ മുതൽ മുക്കട വരെയായിരുന്നു 2.7 കിലോമീറ്റർ നീളത്തിൽ റൺവേ നിശ്ചയിച്ചിരുന്നത്. നിലവിൽ മണിമല പഞ്ചായത്തിലെ മുക്കടയിൽനിന്നും എരുമേലി പഞ്ചായത്തിലെ ഓരുങ്കൽകടവ് വരെയാണ് 3.5 കിലോമീറ്റർ റൺവേയുടെ പുതിയ പ്ലാൻ. ഓരുങ്കൽ കടവിൽനിന്ന് എരുമേലിയിലേക്ക് രണ്ടര കിലോമീറ്ററിൽ എത്താവുന്ന റോഡ് ഉടൻ പണിയും.

ലൂയി ബഗ്! ആണ് ഡ്രോൺ ഉപയോഗിച്ച് സാമ്പത്തിക സാങ്കേതിക സർവേ നടത്തുക. തുടർന്ന് റിപ്പോർട്ട് കെഎസ്ഐഡിസിക്ക് നൽകും. സംസ്ഥാന സർക്കാരിൻറെ അനുമതിയോടെ കേന്ദ്ര വ്യോമയാനമന്ത്രാലയത്തിനും എയർപോർട്ട് അഥോറിറ്റിക്കും റിപ്പോർട്ട് കൈമാറും. ചെറുവള്ളി എസ്റ്റേറ്റിൻറെ 2263.18 ഏക്കർ ഭൂമിയാണ് വിമാനത്താവളത്തിനായി സർക്കാർ കണ്ടെത്തിയിരിക്കുന്നത്. വിമാനത്താവളം നിർമാണത്തിനുള്ള സർക്കാർ വിജ്ഞാപനം വന്നാലുടൻ ബിലീവേഴ്സ് ചർച്ചിൻറെ കൈവശമുള്ള ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഏറ്റെടുക്കും. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപറേഷനാണ് ശബരി എയർപോർട്ടിൻറെ നിർമാണച്ചുമതല.



# വിദ്യാർഥി ശാക്തീകരണം; ലെസൺ പദ്ധതി തുടങ്ങി

**കൽപ്പറ്റ:** ജില്ലാ പഞ്ചായത്ത്, പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറി വിഭാഗം കരിയർ ഗൈഡൻസ് ആൻഡ് അഡോളസെൻറ് കൗൺസിലിംഗ് സെല്ലിൻറെ നേതൃത്വത്തിൽ ലെസൺ പദ്ധതി തുടങ്ങി.

പട്ടികവർഗ പട്ടികജാതി കുട്ടികൾക്കുള്ള വ്യക്തിത്വ വികസനം മോട്ടിവേഷൻ ലൈഫ് സ്കിൽ കരിയർ ഗൈഡൻസ് ക്ലാസുകളാണ് പദ്ധതിയിലൂടെ ലഭ്യമാവുക. തരിയോട് ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സംഷാദ് മരക്കാർ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ എം. മുഹമ്മദ് ബഷീർ അധ്യക്ഷത വഹിച്ചു. കരിയർ ഗൈഡൻസ് ജില്ലാ കൺവീനർ കെ.ബി. സിമിൽ പദ്ധതി വിശദീകരിച്ചു. പദ്ധതിയുടെ ലോഗോ തരിയോട് പഞ്ചായത്ത് പ്രസിഡൻറ് വി.ജി. ഷിബു കരിയർ ഗൈഡൻസ് ജില്ലാ കോഡിനേറ്റർ സി.ഇ.ഫിലിപ്പിന് നൽകി പ്രകാശനം ചെയ്തു.

ജില്ലാ പഞ്ചായത്തിൻറെ വിദ്യാഭ്യാസ വികസന പദ്ധതിയായ സമഗ്രയുടെ ഭാഗമായാണ് ലെസ്സൺ (ലെസൺ ലെറ്റ്സ് എംപവർ സ്കൂൾ സ്റ്റുഡൻറ്സ് ഓഫ് അവർ നെയ്ബർഹുഡ് ) വിദ്യാർത്ഥി ശാക്തീകരണ പദ്ധതി നടപ്പിലാക്കുന്നത്. ജില്ലയിലെ മുഴുവൻ ഹൈസ്ക്കൂളുകളിലും ഹയർ സെക്കൻഡറി സ്കൂളുകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

ജില്ലയിലെ പട്ടികവർഗ ജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും അവരെ വിദ്യാലയത്തിലേക്ക് ആകർഷിക്കുന്നതിനും പദ്ധതി സഹായകരമാകും. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉന്നത വിദ്യാഭ്യാസ തൊഴിൽ സാധ്യതകളും കരിയറും പരിചയപ്പെടുത്തുന്നതിന് കരിയർ കാരവൻ എന്ന പദ്ധതി നടപ്പാക്കും. വിദ്യാർഥികൾക്ക് തുടർച്ചയായി പിന്തുണ സംവിധാനം ഒരുക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു. പരിശീലനം ലഭിച്ച 21 റിസോഴ്സ് പേഴ്സൺമാരാണ് ലെസൺ പദ്ധതിയിൽ ക്ലാസെടുക്കുക.

ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ ഉഷ തന്പി, സീതാ വിജയൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ മീനാക്ഷി രാമൻ, ബീന ജോസ്, എ.എൻ. സുശീല, തരിയോട് പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ഷമീം പാറക്കണ്ടി, ഹെഡ്മിസ്ട്രസ് ഉഷ കുനിയിൽ, പിടിഎ പ്രസിഡൻറ് കെ.എ. വിശ്വനാഥൻ, കരിയർ ഗൈഡൻസ് ജില്ലാ ജോ. കോഡിനേറ്റർ മനോജ് ജോൺ വിദ്യാഭ്യാസ ഉപ ഡയറക്ടർ ശശീന്ദ്ര വ്യാസ്, സ്കൂൾ പ്രിൻസിപ്പൽ എ.എം. ബെന്നി തുടങ്ങിയവർ പ്രസംഗിച്ചു.

# സൗഭദ്ര ഹെൽത്ത് അവേർണസ് നാനോ പാർക്ക് ഉദ്ഘാടനം ചെയ്തു



**കൽപ്പറ്റ:** കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കാരാപ്പുഴ വാഴവറ്റ റോഡിൽ ആരംഭിച്ച സൗഭദ്ര ഹെൽത്ത് അവേർണസ് നാനോ പാർക്ക് ബത്തേരി ഡിവൈഎസ്പി അബ്ദുൾ ഷെരീഫ് ഉദ്ഘാടനം ചെയ്തു. ആൻസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ വിദ്യാർഥികളും അധ്യാപകരും സന്നിഹിതരായിരുന്നു.

നമുക്കു ചുറ്റുമുള്ള പഴവർഗങ്ങൾ അതിലടങ്ങിയിരിയ്ക്കുന്ന വൈറ്റമിനുകൾ, ഏതു രോഗത്തിനെ അകറ്റാം എന്ന അറിവുകൾ, ഇംഗ്ലീഷ് അക്ഷരമാലയുടെ രീതിയിലുള്ള വ്യായാമം, വിവിധ ഇനം മത്സ്യങ്ങൾ, ഭൂഗോളം അതിലെ മനുഷ്യൻറെ ആവാസവ്യവസ്ഥ, മനുഷ്യശരീരത്തിലെ പ്രധാന അവയവങ്ങൾ, വരാവുന്ന രോഗങ്ങൾ, വരാതിരിയ്ക്കുവാനുള്ള മാർഗങ്ങൾ, ആരോഗ്യ ബോധവത്കരണ ഫിലിം, ഹെൽത്ത് കെയർ ഉത്പന്നങ്ങൾ, ഹെൽത്ത് കെയർ കഫെ, കുട്ടികൾക്കായുള്ള റൈഡുകൾ, ഔഷധച്ചെടികൾ തുടങ്ങിയവ ഈ നാനോ പാർക്കിലുണ്ട്.

കാണുവാനും കേൾക്കുവാനും അറിയുവാനും മാനസികോല്ലാസത്തിനും മാതാപിതാക്കൾക്കും കുട്ടികൾക്കും ഈ നാനോപാർക്ക് ഉപകരിക്കുമെന്ന് പാർക്ക് അധികൃതർ പറഞ്ഞു.




# ആഡംബരത്തിന്റെ പുത്തൻ ഭാവവുമായി റിനൈ കൊച്ചിൻ

**കൊച്ചി:** കൊച്ചി നഗരത്തിൽ ഒത്തു ചേരുന്നതിനായി ആഡംബരത്തിന്റെ പുത്തൻ ഭാവവുമായി റിണൈ കൊച്ചിൻ. അതിഥികളെ വരവേൽക്കാൻ പുതിയതായി ഹോട്ടലിൽ സജ്ജമാക്കിയ കൊളോസിയം റിനൈ കൊച്ചിൻ അവതരിപ്പിച്ചു.

രണ്ടായിരം പേരെ ഉൾക്കൊള്ളുന്നതാണ് പുതിയതായി സജ്ജമാക്കിയിരിക്കുന്ന കൊളോസിയം.ആധുനിക രീതിയിലുള്ള ശബ്ദ,പ്രകാശ സംവിധാനത്തോടെയാണ് കൊളോസിയം തയ്യാറാക്കിയിരിക്കുന്നത്. ഇവന്റ് മാനേജ്മെന്റ്, പബ്ലിക്ക് റിലേഷൻ രംഗങ്ങളിലെ പ്രമുഖരുടെ സാന്നിധ്യത്തിൽ നടന്ന മൈസ് ആന്റ് മോർ എന്ന ചടങ്ങിൽ പുതിയതായി സജ്ജമാക്കിയിരിക്കുന്ന സംവിധാനങ്ങൾ അവതരിപ്പിച്ചു. റിനൈയുടെ ബ്രോഷറും ക്യുആർ കോഡും ചടങ്ങിൽ പ്രകാശനം ചെയ്തു.റിനൈ ഹോസ്പിറ്റാലിറ്റി ആന്റ് ഹെൽത്ത് കെയർ എന്ന ബ്രാന്റിന്റെ പേരിൽ കൂടുതൽ മികച്ച സേവനം ലഭ്യമാക്കുകയാണ് ലക്ഷ്യമെന്ന് മാനേജിംഗ് ഡയറക്ടർ കൃഷ്ണദാസ് പോളക്കുളത്ത് പറഞ്ഞു.

ചെറുതും വലുതുമായ ഏഴു ഹാളുകളാണ് റിനൈയിൽ ഉള്ളത്. രുചികരമായ ഭക്ഷണവും വിശാലമായ പാർക്കിംഗ് സൗകര്യവും ഇവിടെയുണ്ട്. വിവാഹം അടക്കമുള്ള ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതിലും മികച്ച സേവനമാണ് നൽകുന്നതെന്ന് റിനൈ കൊച്ചി വൈസ് പ്രസിഡന്റ് അച്യുത മേനോൻ പറഞ്ഞു. ജനറൽ മാനേജർ ജേക്കബ്ബ്, ബിസിനസ് ഡെവലപ്മെന്റ് മാനേജർ ജോൺ സാമുവൽ, എക്സിക്യൂട്ടീവ് ഷെഫ് ഡെന്നി ഡേവിസ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.




# എറണാകുളം മാർക്കറ്റ് സ്റ്റാൾ ഓണേഴ്സ് അസ്സോസിയേഷൻ സുവർണ്ണ ജൂബിലി ആഘോഷവും കുടുംബസംഗമവും

**കൊച്ചി:** എറണാകുളം മാർക്കറ്റ് സ്റ്റാൾ ഓണേഴ്സ് അസ്സോസിയേഷൻ സുവർണ്ണ ജൂബിലി ആഘോഷ സമാപനവും കുടുംബ സംഗമവും ഈ മാസം അഞ്ചിന് നടക്കുമെന്ന് അസ്സോസിയേഷൻ പ്രസിഡന്റ് സി ജെ ജോർജ്ജ്, ജനറൽ സെക്രട്ടറി എൻ.എച്ച് ഷമീദ്, സ്വാഗത സംഘം ജനറൽ കൺവീനർ ടി.എച്ച് നാസർ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ബോൾഗാട്ടി പാലസിൽ ഉച്ചകഴിഞ്ഞ് രണ്ടിന് നടക്കുന്ന സമ്മേളനം കൊച്ചി മേയർ അഡ്വ.എം.അനിൽകുമാർ ഉദ്ഘാടനം ചെയ്യും. അസ്സോസിയേഷൻ പ്രസിഡന്റ് സി ജെ ജോർജ്ജ് അധ്യക്ഷതവഹിക്കും. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ്ബ് മുഖ്യപ്രഭാഷണം നടത്തി. മുതിർന്ന വ്യാപാരികളെ ഹൈബി ഈഡൻ എം.പിയും മുൻ ഭാരവാഹികളെ ടി.ജെ വിനോദ് എം.എൽ.എയും ചടങ്ങിൽ ആദരിക്കും.

മരണാനന്തര സഹായ വിതരണം എൽ.എ ജോഷി നിർവ്വഹിക്കും. കൗൺസിലർ മനു ജേക്കബ്ബ്, കെ.എം.സി.സി പ്രസിഡന്റ് കെ.എം മുഹമ്മദ് സഗീർ തുടങ്ങിയവർ സംസാരിക്കും. 19728 രൂപീകൃതമായ കേരളത്തിലെ ആദ്യകാല വ്യാപാര സംഘടനകളിൽ ഒന്നാണ് എറണാകുളം മാർക്കറ്റ് സ്റ്റാൾ ഓണേഴ്സ് അസ്സോസിയേഷൻ. കൊച്ചിൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റിൽ 213 വ്യാപാരികളാണ് നിലവിലുള്ളത്.

മാർക്കറ്റിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ സംഘടന ഇതിനോടകം ചെയ്തു കഴിഞ്ഞവെന്നും ഭാരവാഹികൾ പറഞ്ഞു.

# ഭക്ഷ്യഭദ്രതയിൽ കേരളം രാജ്യത്തിന് മാതൃകയെന്ന് ഭക്ഷ്യഭദ്രത സെമിനാർ

**തിരുവനന്തപുരം:** ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നിൽ കേരളം രാജ്യത്തിന് മാതൃകയാണെന്ന് എം എസ് സ്വാമിനാഥൻറെ മകളും ബെംഗളൂരു ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രൊഫസറുമായ ഡോ. മധുര സ്വാമിനാഥൻ. കേരളീയത്തിന്റെ ഭാഗമായി ഭക്ഷ്യഭദ്രത എന്ന വിഷയത്തിൽ ടഗോർ തിയേറ്ററിൽ നടന്ന ചർച്ചയിൽ പങ്കെടുക്കുകയായിരുന്നു അവർ. കൊവിഡ് കാലഘട്ടത്തിലും കൂടുതൽ ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കി പൊതുവിതരണ സംവിധാനത്തിലൂടെ ഫലപ്രദമായ ഇടപെലുകൾ നടത്തിയ കേരളത്തെ അവർ പ്രശംസിച്ചു. ഭക്ഷ്യ ഭദ്രതയിൽ നിന്നും പോഷകഭദ്രതയിലേക്ക് ചുവടുമാറേണ്ടതുണ്ട്. അതിലേക്കായി പോഷക സമൃദ്ധ ഭക്ഷണം ശീലമാക്കാനുള്ള അവബോധം കുട്ടികൾക്കിടയിലും യുവജനങ്ങൾക്കിടയിലും അത്യാവശ്യമാണെന്നും അവർ വ്യക്തമാക്കി.

സുസ്ഥിര സംവിധാനങ്ങളിലൂടെ സാർവ്വത്രിക ഭക്ഷ്യഭദ്രത കൈവരിക്കാമെന്ന ആശയം എം എസ് സ്വാമിനാഥൻറെ ശിഷ്യനായ എംപിഎഡിപി കൊളംബിയ സർവ്വകലാശാല ഡയറക്ടർ ഡോ.ഗ്ലെൻ ഡെനിംഗ് മുന്നോട്ടുവച്ചു. ആവശ്യമായ അളവിലും തൂക്കത്തിലും പോഷകമൂല്യമുള്ള ഭക്ഷണം ഉറപ്പുവരുത്തി ഭക്ഷ്യഭത്രത ഉറപ്പുവരുത്താനാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

സാർവ്വത്രിക ഭക്ഷ്യഭദ്രത കൈവരിക്കൽ, പോഷകമൂല്യമുള്ള ഭക്ഷണവും സുസ്ഥിര ഭക്ഷ്യോത്പ്പാദനവും ഉറപ്പുവരുത്തൽ തുടങ്ങിയ നൂതനാശയങ്ങളും സെമിനാർ മുന്നോട്ടുവച്ചു. പൊതുവിതരണ സംവിധാനത്തിൽ മില്ലറ്റ് പോലുള്ള ചെറുധാന്യങ്ങളും പയർവർഗങ്ങളും കൂടുതലായി ഉൾപ്പെടുത്തൽ, കാലാവസ്ഥാ പ്രതിസന്ധികളെ അതിജീവിക്കുന്നതിനുള്ള കൃഷിരീതികൾ അവലംബിക്കൽ, വിളവെടുപ്പ് സമയത്ത് കുറഞ്ഞ വിലയ്ക്ക് കാർഷികോൽപ്പന്നങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്ന ശാസ്ത്രീയ ഗോഡൗണുകൾ സ്ഥാപിക്കൽ, തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കൽ, വിശപ്പ് രഹിത കേരളം എന്നതിൽ നിന്ന് പോഷകവൈകല്യ രഹിത കേരളം എന്ന യാഥാർത്ഥ്യത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കൽ, പോഷക സമൃദ്ധമായ നാടൻ ഭക്ഷണങ്ങൾ പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ മുന്നേറ്റ മാർഗങ്ങളും സെമിനാർ ചൂണ്ടിക്കാട്ടി.

കേരളത്തിലെ 5 വയസ്സിന് താഴെയുള്ള കുട്ടികളുടെ പോഷകാഹാര സൂചകങ്ങളുടെ സ്ഥിതി വിവരം ഉൾപ്പെടുത്തിയുള്ള ന്യൂട്രിഷൻ പ്രൊഫൈൽ അവതരിപ്പിച്ചതിൽ അനീമിയ, വളർച്ചാ മുരടിപ്പ് തുടങ്ങിയ ഘടകങ്ങളിൽ കൂടുതൽ ശ്രദ്ധവേണമെന്ന ആവശ്യവുമുയർന്നു.

കേരളത്തിന്റെ ഇ റേഷനിംഗ് മാതൃകയും ഈറ്റ് റൈറ്റ് പദ്ധതിയും ബീഹാറിൽ നടപ്പിലാക്കുമെന്ന് ആർജെഡി സ്റ്റേറ്റ് ജനറൽ സെക്രട്ടറി മുകുന്ദ് സിംഗ് അറിയിച്ചു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ ചർച്ചയിൽ അദ്ധ്യക്ഷനായി. മുൻ കേന്ദ്രമന്ത്രിയും ഡൽഹിയിലെ കേരള സർക്കാർ പ്രതിനിധിയുമായ കെ വി തോമസ്, തമിഴ്നാട് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് കമ്മിഷൻ വൈസ് ചെയർമാൻ ജെ ജയരഞ്ചൻ, കൺസ്യൂമർഫെഡ് ചെയർമാൻ എം മെഹബൂബ്, സെൻറർ ഫോർ ചൈൽഡ് ആൻഡ് ദി ലോ, നാഷണൽ ലോ സ്കൂൾ ഓഫ് ഇന്ത്യ യൂണിവേഴ്സിറ്റി ബെംഗളൂരു കോർഡിനേറ്റർ നീതു ശർമ്മ, ബംഗ്ലാദേശ് എഫ്എഒ ഫുഡ്സിസ്റ്റം സ്പെഷ്യലിസ്റ്റ് ആർ. വി. ഭവാനി, തമിഴ്നാട് എംഎൽഎ സി.വി.എം.പി. ഏഴിലരസൻ, ഫുഡ് കമ്മിഷൻ ചെയർമാൻ കെ വി മോഹൻകുമാർ എന്നിവരും പാനലിസ്റ്റുകളായിരുന്നു. ആസൂത്രണ ബോർഡ് അംഗം ഡോ കെ രവിരാമൻ മോഡറേറ്ററായിരുന്നു. സപ്ലൈകോ സിഎംഡി ഡോ. ശ്രീറാം വെങ്കിട്ടരാമനാണ് വിഷയം അവതരിപ്പിച്ചത്.

# പി. വി. സി ഫ്ളക്സ് ബോർഡുകൾ: കർശന പരിശോധനയുമായി ജില്ലാ ശുചിത്വ മിഷൻ

**തിരുവനന്തപുരം:** നഗരത്തിൽ പി. വി. സി പരസ്യ ബോർഡുകൾക്കുള്ള നിയന്ത്രണം കടുപ്പിച്ച് ജില്ലാ ശുചിത്വ മിഷൻ. നിരോധിത പി. വി. സി ഫ്ലക്സ് ഉപയോഗിച്ച് നിർമിച്ച പരസ്യ ബോർഡുകൾ വ്യാപകമാകുന്ന പശ്ചാത്തലത്തിൽ ശുചിത്വമിഷന്റെ നേതൃത്വത്തിലുള്ള മാലിന്യ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധന കർശനമാക്കി. ഫ്ലക്സ് പ്രിന്റിംഗ് പ്രസ്സുകളിൽ എൻഫോഴ്സ്മെന്റ്സ് കോഡിന്റെ പരിശോധന ആരംഭിച്ചു. പേരൂർക്കട, കവടിയാർ, ശാസ്തമംഗലം എന്നിവിടങ്ങളിലെ പ്രസ്സുകളിലാണ് പരിശോധന നടന്നത്. പ്രിന്റ് ചെയ്യാൻ ഉപയോഗിക്കുന്ന വസ്തുക്കളുടെ സാമ്പിളുകൾ സ്ക്വാഡ് ശേഖരിച്ചു. ശേഖരിച്ച സാമ്പിളുകൾ മലിനീകരണ നിയന്ത്രണ ബോർഡിന് കൈമാറും. നിരോധിത വസ്തുവാണെന്ന് കണ്ടെത്തിയാൽ നിയമ നടപടികൾ സ്വീകരിക്കുമെന്നു ജില്ലാ മാലിന്യ എൻഫോഴ്സ്മെന്റ് സ്ക്വാഡ് അറിയിച്ചു.



# ഉല്ലാസ ബോട്ടുകൾക്ക് സർവീസ് പുനരാരംഭിക്കാൻ അനുമതി

**പൊന്നാനി:** താനൂർ ബോട്ട് അപകടത്തിന്റെ പശ്ചാത്തലത്തിൽ നിർത്തിയിട്ട, പൊന്നാനിയിലെ ഉല്ലാസ ബോട്ടുകൾക്ക് സർവീസ് പുനരാരംഭിക്കാൻ അനുമതി. കൃത്യമായ രേഖകൾ ഹാജരാക്കിയ 6 ബോട്ടുകൾക്കാണ് മാരിടൈം ബോർഡ് സർവീസ് പുനരാരംഭിക്കാൻ അനുമതി നൽകിയിരിക്കുന്നത്. കോഴിക്കോട് പോർട്ട് ഓഫിസർ ക്യാപ്റ്റൻ ഹരി വാരിയരുടെ നേതൃത്വത്തിൽ പൊന്നാനിയിൽ പരിശോധന നടന്നിരുന്നു. 4 ജെട്ടികൾക്കും 6 ബോട്ടുകൾക്കും ഫിറ്റ്നസ് ഉറപ്പാക്കിയിട്ടുണ്ടെന്നാണ് അറിയുന്നത്. തുറമുഖ വകുപ്പിന്റെ പരിധിയിൽപെടുന്ന, പുഴയോര ഭാഗത്താണ് 4 ജെട്ടികളും സ്ഥിതി ചെയ്യുന്നത്. ബോട്ട് അപകടത്തിനു മുൻപ് ഇരുപതോളം ബോട്ടുകൾ സർവീസ് നടത്തിയിരുന്നു.

തുറമുഖ വകുപ്പിന്റെ പരിധി കഴിഞ്ഞുള്ള പുഴയോര ഭാഗത്തും മുൻപ് ബോട്ട് ജെട്ടികളുണ്ടായിരുന്നു. ഈ ജെട്ടികൾക്കൊന്നും അനുമതിയില്ലെന്നാണ് റവന്യു വകുപ്പ് നൽകുന്ന വിവരം. താനൂർ ബോട്ട് അപകടത്തിന്റെ പശ്ചാത്തലത്തിൽ മാസങ്ങളോളം ഉല്ലാസ ബോട്ടുകൾ സർവീസ് നിർത്തിവയ്ക്കേണ്ടി വന്നു. പുഴയോരത്ത് ബോട്ട് സർവീസിനായെത്തുന്ന വിനോദ സഞ്ചാരികളുടെ എണ്ണവും വളരെയധികം കുറഞ്ഞു.

ബോട്ടിൽ ലൈസൻസുള്ള സ്രാങ്കും അനുബന്ധ ജീവനക്കാരനുമുണ്ടാകണമെന്ന് നിർബന്ധമാണ്. ബോട്ട് അപകടത്തിനു മുൻപ് പൊന്നാനിയിൽ നടന്ന പരിശോധനയിൽ മിക്ക ബോട്ടുകളിലും ലൈസൻസുള്ള സ്രാങ്ക് ഉണ്ടായിരുന്നില്ല. അന്ന് വകുപ്പ് ഉദ്യോഗസ്ഥർ നോട്ടിസ് നൽകിയിരുന്നെങ്കിലും തുടർനടപടികളൊന്നും സ്വീകരിച്ചിരുന്നില്ല. താനൂരിൽ അപകടത്തിൽപെട്ട ബോട്ട് ലൈസൻസില്ലാത്ത സ്രാങ്കാണ് ഓടിച്ചിരുന്നത്.

# സമഗ്രമായ ഭൂപരിഷ്കരണമാണ് സർക്കാർ ലക്ഷ്യം: മന്ത്രി കെ. രാജൻ

**തിരുവനന്തപുരം:** കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കി മാറ്റുന്നതിൽ നിർണായക പങ്കു വഹിച്ച ഭൂപരിഷ്കരണം സമഗ്രമായി നടപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് റവന്യൂഭവന നിർമാണവകുപ്പു മന്ത്രി കെ. രാജൻ. കേരളീയത്തിന്റെ ഭാഗമായി സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന കേരളത്തിലെ ഭൂപരിഷ്കരണം സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഭൂപരിഷ്കരണം എന്ന ആശയത്തെ കൂടുതൽ കരുത്തോടെ കേരളത്തിൽ നടപ്പാക്കണം. 1966 ലെ ഭൂപരിഷ്കരണ നിയമത്തിന്റെ തുടർച്ചയായി ആരംഭിച്ചതാണ് റീസർവേ നടപടികൾ. 55 % സ്ഥലങ്ങൾ മാത്രമാണ് റീസർവേയിലൂടെ അടയാളപ്പെടുത്തിയത്. ഈ സാഹചര്യത്തിലാണ് 858 കോടി 57 ലക്ഷം രൂപ ചെലവഴിച്ച് റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തി നാലുവർഷത്തിനുള്ളിൽ സമ്പൂർണ ഡിജിറ്റൽ സർവ്വേ നടത്താൻ തീരുമാനിച്ചത്. കേരളത്തിലെ 1550 വില്ലേജുകളിൽ കേരളത്തെ ഡിജിറ്റലായി അളക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി ഇന്ത്യയിൽ ആദ്യമായി എന്റെ ഭൂമി എന്ന പേരിൽ ഒരു ഇന്റഗ്രേറ്റഡ് പോർട്ടൽ നിലവിൽ വന്നു. റവന്യൂ, രജിസ്ട്രേഷൻ, റവന്യൂ, സർവ്വേ വകുപ്പുകളെ സംയോജിപ്പിച്ചാണിത്. ആദ്യ ഘട്ടത്തിൽ 15 വില്ലേജുകളിൽ ഈ നവംബർ മാസത്തിൽ തന്നെ എന്റെ ഭൂമി സംവിധാനം നിലവിൽ വരും.

ഡിജിറ്റൽ സർവേ പൂർത്തിയാകുന്നതോടെ എല്ലാ സർവേ രേഖകളും ബന്ധിപ്പിക്കുന്ന ഡിജിറ്റൽ വാലിയും നിലവിൽ വരും. ഐക്യ കേരളത്തിൽ ആദ്യമായി ഈ സർക്കാർ സെറ്റിൽമെന്റ് ആക്ട് നടപ്പാക്കും. പല തണ്ടപ്പേരുകളിൽ ഭൂമി സംഭരിച്ച് ഭൂപരിഷ്കരണത്തെ വെല്ലുവിളിക്കുന്നതിനെതിരേ യൂണീക് തണ്ടപ്പേർ സംവിധാനവും നിലവിൽ വരും. കേന്ദ്ര ഐടി വകുപ്പിന്റെ അനുമതിയോടെ യുണീക്ക് തണ്ടപ്പേരും ആധാറും ബന്ധിപ്പിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

ലാൻഡ് ട്രിബ്യൂണൽ കേസുകൾ തീർപ്പാക്കുന്നതിന് നാല് സോണുകളാക്കി തിരിച്ച് നടപടികൾ പുരോഗമിക്കുകയാണ്. ആറു മാസത്തിനകം 336 ഹെക്ടർ ഭൂമി ഈ വിഭാഗത്തിൽ തിരിച്ചു പിടിച്ചു. 40,000 കേസുകളാണ് അവശേഷിക്കുന്നത്. ഇത് 2024 ൽ തീർപ്പാക്കും. തോട്ട ഭൂമിയുടെ അവകാശം സംബന്ധിച്ച കേസുകളുമായി സർക്കാർ മുന്നോട്ട് പോകും. മുഴുവൻ പേരെയും ഭൂമിയുടെ അവകാശികളാക്കുക എന്ന ദൗത്യം സർക്കാർ നിറവേറ്റുമെന്നും മന്ത്രി പറഞ്ഞു.

# ഇടുക്കി ഡാം കാണാം; വാട്ടർ മെട്രോയിൽ കറങ്ങാം ജലവിഭവ വകുപ്പിന്റെ പ്രദർശനം

**ഇടുക്കി:** ഡാം കാണാനും ചെല്ലാനത്ത് ചെല്ലാനും വാട്ടർ മെട്രോയിൽ കറങ്ങാനും അവസരമൊരുക്കി സംസ്ഥാന ജലസേചന വകുപ്പിന്റെ പ്രദർശനം. പുത്തരിക്കണ്ടം മൈതാനിയിൽ ഒരുക്കിയ പ്രദർശനം ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ നവകേരളം കർമ്മ പദ്ധതി കോ ഓർഡിനേറ്റർ ടി.എൻ. സീമ, വാട്ടർ അതോറിറ്റി സെക്രട്ടറി അശോക് കുമാർ, ജോയിന്റ് എം.ഡി. ദിനേശൻ ചെറുവാട്ട്, വിവിധ വകുപ്പുമേധാവികൾ, പങ്കെടുത്തു.

വിനോദത്തിനൊപ്പം വിജ്ഞാനവും പകരുന്ന നിരവധി പവലിയനുകളാണ് ഒരുക്കിയിരിക്കുന്നത്. അണക്കെട്ടുകളുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന ഇൻസ്റ്റലേഷനുകൾ, ഇടുക്കി അണക്കെട്ടിന്റെ മാതൃക, കായലിന്റെ സൗന്ദര്യം ആസ്വദിച്ച് കൊച്ചി വാട്ടർ മെട്രോയിൽ സഞ്ചരിക്കുന്നത് നേരിട്ടറിയുന്നതിനും ആസ്വദിക്കുന്നതിനുമുള്ള വിർചൽ റിയാലിറ്റി പവലിയൻ എന്നിവ പ്രധാന ആകർഷണങ്ങളാണ്. വിആർ ഷോ കാണുന്നതിന് ഉദ്ഘാടന ദിവസം മുതൽ തന്നെ വലിയ തിരക്കാണിവിടെ. ഒപ്പം, വിദ്യാർഥികൾക്ക് ജല സംരക്ഷണത്തിന്റെ പ്രാധാന്യം മനസിലാക്കി നൽകുന്ന തരത്തിലുള്ള വിവിധ സ്റ്റാളുകളും സജ്ജീകരിച്ചിട്ടുണ്ട്.

ഭൂജല വകുപ്പിനു കീഴിലുള്ള ജലപരിശോധന ലാബുകളുടെ പ്രവർത്തനം, ഫലപ്രദമായ ഭൂജല വിനിയോഗ മാർഗങ്ങൾ, ചെല്ലാനത്ത് വിജയകരമായി നടപ്പാക്കിയ തീരശോഷണ സംരക്ഷണ നടപടികൾ തുടങ്ങിയവയുടെ വിശദാംശങ്ങളും പ്രദർശനത്തിലുണ്ട്. വിവിധ തരത്തിലുള്ള ജലസേചന മാതൃകകൾ, ജലസംരക്ഷണത്തിനുള്ള നൂതന മാർഗങ്ങൾ, കിണർ റീചാർജിങ് പ്രവർത്തനങ്ങൾ എല്ലാം വിശദമായി മനസിലാക്കാനും സാധിക്കും. ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ മണ്ണ് സംരക്ഷണ നടപടികൾ, പെരിയാർ നദീതടത്തിന്റെ മാതൃക, പ്രളയ മുന്നറിയിപ്പ് സംവിധാനത്തിന്റെ പ്രവർത്തനം എന്നിവയും കണ്ടു മനസിലാക്കാം.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com